# സീമാറ്റ്–കേരള

State Institute of Educational Management and Training

# വാർഷിക റിപ്പോർട്ട്
# 2020-2021

**സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിങ് –കേരള**

**ചെയർമാൻ (റിപ്പോർട്ട് കാലയളവിൽ)**

പ്രൊഫ. സി. രവീന്ദ്രനാഥ്
ബഹു.പൊതുവിദ്യാഭ്യാസവകുപ്പ് മന്ത്രി

**വൈസ് ചെയർമാൻ (റിപ്പോർട്ട് കാലയളവിൽ)**

എ. ഷാജഹാൻ ഐ.എ.എസ്.
സെക്രട്ടറി, പൊതുവിദ്യാഭ്യാസവകുപ്പ്

**ഡയറക്ടർ**

ഡോ. എം. എ ലാൽ

## ഡയറക്ടറുടെ എഴുത്തുമേശയിൽനിന്ന്

## അഭിമാനപൂർവ്വം...

ബഹുമാന്യരേ,

ലോകചരിത്രത്തിൽ ദുരന്തങ്ങളുടെ അധ്യായം അടയാളപ്പെടുത്തപ്പെട്ട ഒരു വർഷമാണല്ലോ കടന്നുപോയത്. മാനവരാശിയുടെ നിലനില്പുപോലും ചോദ്യം ചെയ്യപ്പെട്ട സാഹചര്യം. പലതരം ആശങ്കകൾക്കിടയിൽ അതിജീവന പ്രവർത്തനങ്ങളുടെയും പ്രതിരോധ മാർഗങ്ങളുടെയും പരീക്ഷണകാലം. ലോകരാഷ്ട്രങ്ങൾക്കിടയിൽ സമ്പന്നർ പോലും വിറങ്ങലിച്ചു പോവുകയും സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക മേഖലകൾ തകർന്നടിയുകയും ചെയ്ത കൊറോണക്കാലത്ത് പ്രവർത്തന വൈവിധ്യം കൊണ്ട് നമ്മുടെ കൊച്ചു കേരളം ശ്രദ്ധേയമായി. ആരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തും സമാനതകളില്ലാത്ത ബൗദ്ധിക പ്രവർത്തനങ്ങൾക്കും മാറ്റങ്ങൾക്കുമാണ് നമ്മുടെ നാട് സാക്ഷ്യം വഹിച്ചത്. പ്രതിസന്ധിയിൽ പതറാത്ത മനക്കരുത്തായിരുന്നു നമ്മുടെ ബലം. ഇന്നുവരെയും നമ്മുടെ സാമൂഹ്യ വളർച്ചയുടെ നട്ടെല്ല് ജനാധിപത്യ സംസ്കാരത്തിലൂന്നിയ വിദ്യാഭ്യാസ വികസനമായിരുന്നല്ലോ. അതിനാൽത്തന്നെ പൊതുവിദ്യാഭ്യാസ മേഖലയുടെ വളർച്ചയും ഉദ്ഗമനവും ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ലക്ഷ്യപ്രാപ്തിയിലെത്തിയ കാലം കൂടെയായിരുന്നു കഴിഞ്ഞവർഷം.

കോവിഡ് 19 മഹാമാരി കേരളത്തിന്റെ സാമൂഹികരംഗത്തുണ്ടാക്കിയ അസ്വാസ്ഥ്യങ്ങളെ മിറകടക്കാൻ എല്ലാ മേഖലകളിലുമുള്ളവർ കൈമെയ് മറന്ന് പോരാടുകയായിരുന്നു. പൊതുവിദ്യാഭ്യാസ മേഖലയിലും മികച്ച മാറ്റങ്ങളുണ്ടാക്കാനും സാഹചര്യങ്ങൾക്കനുസൃതമായ പരിഷ്കാരങ്ങൾ വരുത്താനും വിദ്യാർത്ഥികളുടെ അദ്ധ്യയനാന്തരീക്ഷം സജീവമായി നിലനിർത്താനും വകുപ്പിനായി. ഫസ്റ്റ് ബെൽ ക്ലാസുകളുടെ തുടർച്ചയും ഓൺലൈൻ സമ്പ്രദായങ്ങളിലൂടെയുള്ള ക്ലാസുകളും മികച്ച രക്ഷകർത്തൃ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കഴിഞ്ഞത് സർക്കാരിന്റെ പ്രവർത്തന മികവിന്റെ നേർസാക്ഷ്യം തന്നെ.

മഹാമാരിക്കാലത്തെ ലോക്ഡൗൺ പല പ്രവർത്തനങ്ങൾക്കും തടസ്സമായിരുന്നെങ്കിലും പുതിയ സാഹചര്യത്തിൽ പുത്തൻ തന്ത്രങ്ങളുമായി വിദ്യാഭ്യാസ നേതൃത്വങ്ങൾക്ക് ആത്മവിശ്വാസം പകരുന്ന പ്രവർത്തനങ്ങളൊരുക്കാൻ സീമാറ്റ്-കേരളയ്ക്കായി. പൊതുവിദ്യാഭ്യാസമേഖല ഇക്കാലയളവിൽ അഭിമുഖീകരിക്കേണ്ടി വന്നേക്കാമായിരുന്ന പ്രശ്നങ്ങളെ മറികടക്കുന്നതിന് പ്രായോഗികതലത്തിൽ വിലയിരുത്തി പ്രശ്നപരിഹാരമാർഗങ്ങൾ കൂടി നിർദേശിക്കുന്ന Thought Paper സീമാറ്റ്-കേരള സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

കോവിഡ് 19 ന്റെ ആരംഭഘട്ടത്തിൽ സർക്കാർ വർക്ക് ഫ്രം ഹോം സമ്പ്രദായം നടപ്പിലാക്കിയപ്പോൾ 2020-21 കാലയളവിൽ നടത്തേണ്ട പുതിയ പദ്ധതികളെക്കുറിച്ചും നൂതന ആശയങ്ങളെക്കുറിച്ചും 'ചലഞ്ച് അവർ' (challenge hour) എന്ന പരിപാടിയിലൂടെ സീമാറ്റ്-കേരളയിലെ അക്കാദമിക വിഭാഗം കാര്യക്ഷമമായ ചർച്ചകൾ സംഘടിപ്പിച്ചു.

വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും കോവിഡ് മഹാമാരിയെക്കുറിച്ച് ധാരണകൾ നല്കുന്ന വസ്തുതകളടങ്ങുന്ന കോവിഡ് ഗൈഡിന്റെയും കോവിഡാനന്തര സ്കൂൾ കാലത്ത് വിദ്യാലയവുമായി ബന്ധപ്പെടുന്നവർ പാലിക്കേണ്ട വൈറസ് പ്രോട്ടോകോളിന്റെയും കരട് തയ്യാറാക്കിയിട്ടുണ്ട്. ആരോഗ്യമേഖലയിലെ വിദഗ്ധരെക്കൊണ്ട് വിലയിരുത്തിച്ച ശേഷം പൊതുവിദ്യാഭ്യാസ വകുപ്പിന് സമർപ്പിക്കുന്നതാണ്.

സീമാറ്റ്-കേരളയുടെ പരിശീലന പരിപാടികളിലെ റിസോഴ്സ് അദ്ധ്യാപകരായിരുന്നവർക്ക് "ഓൺലൈൻ അധ്യാപനവും പരിശീലനവും : സമീപനം, തന്ത്രങ്ങൾ, മുറകൾ, ചുവടുകൾ" എന്ന പേരിൽ നിർമ്മിക്കപ്പെട്ട ഇ-ബുക്ക്ലെറ്റ് ഏറെ പ്രയോജനവും ശ്രദ്ധ നേടിയതുമാണ്.

കോവിഡ് 19-മായി ബന്ധപ്പെട്ട് നിരവധി നിയന്ത്രണങ്ങൾ ഉണ്ടായതിനാൽ ഓൺലൈൻ പരിശീലന സമ്പ്രദായത്തിന്റെ സാധ്യതകൾ ഉൾക്കൊണ്ട് ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാമുകൾ (LEP) സംസ്ഥാനത്തെ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർ എന്നിവർക്കും ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമുകൾ (CEP) ഹൈസ്കൂൾ പ്രഥമാധ്യാപകർ, എൽ.പി./യു.പി. സ്കൂൾ പ്രഥമാധ്യാപകർ, വി.എച്ച്.എസ്.സി. കരിയർ മാസ്റ്റർമാർ തുടങ്ങിയ വിഭാഗങ്ങൾക്കും പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫ് അംഗങ്ങൾക്കായി ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാമും വിജയകരമായി നല്കുകയും പരിശീലനങ്ങൾ തുടരുകയും ചെയ്യുന്നു.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ പ്ലാനിംഗ് ആന്റ് അഡ്മിനിസ്ട്രേഷന്റെ ഭാഗമായി പ്രവർത്തിക്കുന്ന നാഷണൽ സെന്റർ ഫോർ സ്കൂൾ ലീഡർഷിപ്പിന്റെ സംസ്ഥാന നോഡൽ ഏജൻസിയായ സ്കൂൾ ലീഡർഷിപ്പ് അക്കാദമി - കേരള (SLA-K) യുടെ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂൾ നേതൃത്വങ്ങൾക്ക് മികച്ച പ്രോത്സാഹനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഫങ്ഷണൽ ലീഡർഷിപ്പ് (CPFSL) എന്ന ഒരുമാസം ദൈർഘ്യമുള്ള കോഴ്സിനുള്ള മൊഡ്യൂൾ പൂർത്തിയായി വരുന്നു. മികച്ച സ്കൂൾ നേതൃത്വ മാതൃകകൾക്ക് നല്കുന്ന പുരസ്കാരം പ്രഖ്യാപനത്തിനായി തയ്യാറെടുക്കുന്നു. വിദ്യാഭ്യാസ മാനേജ്മെന്റുമായും, സ്കൂൾ

ലീഡർഷിപ്പുമായും ബന്ധപ്പെട്ട നിരവധി വീഡിയോകൾ തയ്യാറാക്കി അക്കാദമിയുടെ യൂട്യൂബ് ചാനലിൽ അപ്‌ലോഡ് ചെയ്തു.

ഇങ്ങനെ കഴിഞ്ഞ അക്കാദമിക വർഷത്തിൽ കോവിഡ് പ്രതിസന്ധിക്കിടയിലും സീമാറ്റ്-കേരളയുടെ പ്രവർത്തനം മികവാർന്ന നിലയിൽതന്നെയായിരുന്നു എന്നത് ആത്മാഭിമാനം ഉയർത്തുന്നു.

വിദ്യാഭ്യാസ മാനേജ്മെന്റ് രംഗത്തെ പ്രമുഖ ഗവേഷണ പരിശീലന സ്ഥാപനമായ സീമാറ്റ്-കേരളയുടെ 2020-21 വർഷത്തെ വാർഷിക റിപ്പോർട്ട്, ഭരണ റിപ്പോർട്ട്, ഓഡിറ്റഡ് അക്കൗണ്ട്സ് എന്നിവയടങ്ങുന്ന ഈ ലഘുസമാഹാരം സർക്കാരിന്റെയും മുഴുവൻ അഭ്യുദയകാംഷികളുടെയും പൊതുസമൂഹത്തിന്റെയും മുന്നിൽ ആദരപൂർവം സമർപ്പിക്കുന്നു.

തിരുവനന്തപുരം
11/10/2021

**ഡോ. എം.എ. ലാൽ**
**ഡയറക്ടർ**

## ഉള്ളടക്കം


| ഭാഗം – 1<br>**വാർഷിക റിപ്പോർട്ട്** | | പേജ് |
|---|---|---|
| അദ്ധ്യായം – 1 | ആമുഖം | |
| അദ്ധ്യായം – 2 | സീമാറ്റ്-കേരള : ഭരണ സംവിധാനം | |
| അദ്ധ്യായം – 3 | സീമാറ്റ്-കേരള : ഉദ്ദേശ്യലക്ഷ്യങ്ങൾ | |
| അദ്ധ്യായം – 4 | സീമാറ്റ്-കേരളയിലെ വിവിധ വകുപ്പുകളും ടാർഗറ്റ് ഗ്രൂപ്പും | |
| അദ്ധ്യായം – 5 | പരിശീലനപരിപാടികളുടെ പ്രധാന വിഷയങ്ങൾ | |
| അദ്ധ്യായം – 6 | 2020-21 ൽ സംഘടിപ്പിച്ച പരിശീലന പരിപാടികൾ | |
| അദ്ധ്യായം – 7 | കോവിഡ് കാലത്തെ വേറിട്ട പ്രവർത്തനങ്ങൾ | |
| അദ്ധ്യായം – 8 | അക്കാദമിക ജേർണലും ഗവേഷണവും | |
| അദ്ധ്യായം – 9 | പരിപാടികൾ ഒറ്റനോട്ടത്തിൽ | |
| അദ്ധ്യായം – 10 | 2020-21 ലെ വരവ് ചെലവ് കണക്കുകൾ | |
| അദ്ധ്യായം – 11 | സ്കൂൾ ലീഡർഷിപ്പ് അക്കാദമി - കേരള | |
| ഭാഗം –2<br>**ഭരണ റിപ്പോർട്ട്** | | |
| ഭാഗം –3<br>**ഓഡിറ്റ് റിപ്പോർട്ടും ഓഡിറ്റഡ് അക്കൗണ്ട്സും** | | |
| അനുബന്ധങ്ങൾ<br>അനുബന്ധം 1 - Thought Paper<br>അനുബന്ധം 2 - ഇ-ബുക്ക്ലറ്റ് | | |

# ഭാഗം – 1

# വാർഷിക റിപ്പോർട്ട്

# അദ്ധ്യായം – 1

## ആമുഖം

വിദ്യാഭ്യാസ ആസൂത്രണ-ഭരണ മേഖലകളിൽ സമഗ്രവും ഫലപ്രദവുമായ ഇടപെടൽ നടത്തുന്നതിന് ദേശീയതലത്തിൽ NIEPA യും (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ പ്ലാനിംഗ് ആന്റ് അഡ്മിനിസ്ട്രേഷൻ) സംസ്ഥാനങ്ങളിൽ സീമാറ്റുകളും (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ്) ആരംഭിക്കണമെന്ന ശിപാർശ 1986 ലെ ന്യൂ എഡ്യൂക്കേഷൻ പോളിസി ഡോക്യുമെന്റിൽ ഉണ്ടായിരുന്നു. ഈ ശുപാർശയുടെ ചുവടുപിടിച്ച്, പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ 2004 മാർച്ച് മുതൽ പ്രവർത്തനം ആരംഭിച്ച സ്വയംഭരണ സ്ഥാപനമാണ് സീമാറ്റ്-കേരള. 1955 ലെ ട്രാവൻകൂർ-കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട്, ദേശീയ ഏജൻസിയായ NIEPA യുടെ മാതൃകയിലാണ് രൂപീകരിച്ചിരിക്കുന്നത്. 2005 ജൂലൈ 21 ൽ പ്രവർത്തനമാരംഭിച്ച സീമാറ്റ്-കേരള 2011 ഫെബ്രുവരി 11 മുതൽ തിരുവനന്തപുരം അട്ടക്കുളങ്ങര ഗവൺമെന്റ് സെൻട്രൽ സ്കൂളിന് സമീപം പണിപൂർത്തിയാക്കിയ മന്ദിരസമുച്ചയത്തിൽ പ്രവർത്തിച്ചു വരുന്നു.

വിദ്യാഭ്യാസാസൂത്രണത്തെയും നിർവഹണത്തെയും വികേന്ദ്രീകരിക്കുന്നതിൽ നിർണായക പങ്കുവഹിച്ചുകൊണ്ട് മികവിന്റെ കേന്ദ്രമായി വികാസം പ്രാപിക്കുകയെന്ന മഹത്തായ ലക്ഷ്യത്തിലേയ്ക്ക് സീമാറ്റ്-കേരള ചുവടുവയ്ക്കുകയാണ്. ഈ ലക്ഷ്യ-ദൗത്യത്തിലേയ്ക്ക് ചിട്ടയായ ആസൂത്രണത്തിലൂടെയും ആശയരൂപീകരണ പ്രയത്നത്തിലൂടെയും എത്തിച്ചേരാനുള്ള പദ്ധതികളും പരിപാടികളുമാണ് സീമാറ്റ്-കേരള വിഭാവനം ചെയ്യുന്നത്.

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ നേതൃസ്ഥാനം വഹിക്കുന്ന വിവിധ മേധാവികൾക്കും, പ്രഥമാധ്യാപകർക്കും ഉദ്യോഗസ്ഥർക്കും അനുബന്ധവിഭാഗങ്ങൾക്കും ഭരണനിർവഹണ കാര്യങ്ങളിൽ വിദഗ്ദ്ധപരിശീലനം നൽകി വിദ്യാഭ്യാസരംഗത്തെ ചലനാത്മകവും പുരോഗമനാത്മകവുമാക്കി മികവിലേയ്ക്കുയർത്തുകയാണ് സീമാറ്റ്-കേരളയുടെ ലക്ഷ്യം. വിദ്യാഭ്യാസാസൂത്രണത്തിനും നിർവഹണത്തിനും സഹായകമായ ഫലപ്രാപ്തി പഠനങ്ങളും, സൂക്ഷ്മാസൂത്രണവും, ഗവേഷണവും കൈപ്പുസ്തകങ്ങൾ അടക്കമുള്ളവ പ്രസിദ്ധീകരിച്ചുകൊണ്ട് സീമാറ്റ്-കേരള വിദ്യാഭ്യാസ ഗവേഷണ പ്രവർത്തനങ്ങളിലും പങ്കുചേരുന്നു.

സംസ്ഥാന പൊതുവിദ്യാഭ്യാസ മേഖലയിലെ നേതൃസ്ഥാനീയരായ ഉദ്യോഗസ്ഥർക്ക് മികവുറ്റ പരിശീലനം നൽകുന്നതിനൊപ്പം പരിശീലന പരിപാടികൾക്കാവശ്യമായ ആശയങ്ങളും വിഷയങ്ങളും ഗവേഷണ പ്രവർത്തനത്തിലൂടെ ഉരുത്തിരിച്ചെടുക്കുക,

വിദ്യാഭ്യാസാസൂത്രണവും ഗവേഷണവുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തുക, വിവരശേഖരണം നടത്തുക, കാര്യക്ഷമമായ വിദ്യാഭ്യാസ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കാനാവശ്യമായ നൂതനാശയങ്ങൾ കൂട്ടായ പ്രവർത്തനങ്ങളിലൂടെ വികസിപ്പിക്കുക, അവ ക്രോഡീകരിച്ച് വിദ്യാഭ്യാസ മാനേജ്മെന്റ് നയരൂപീകരണ പ്രക്രിയയ്ക്ക് ലഭ്യമാക്കുക, വിദ്യാഭ്യാസ മാനേജ്മെന്റ് പ്രോഗ്രാമുകളുടെ സമയബന്ധിതമായ വിലയിരുത്തൽ നടത്തുക എന്നിവയും സീമാറ്റ്-കേരളയുടെ പ്രധാന ഉത്തരവാദിത്തങ്ങളാണ്. കൃത്യമായ ലക്ഷ്യബോധത്തോടെ വിദ്യാഭ്യാസ ആസൂത്രണ ഗവേഷണ പന്ഥാവിൽ കോവിഡ് കാലയളവിൽ ക്രിയാത്മക പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുകൊണ്ട് സീമാറ്റ്-കേരള മുന്നോട്ട് പോവുകയാണ്.

# അദ്ധ്യായം – 2
# സീമാറ്റ്-കേരള – ഭരണ സംവിധാനം

ദ്വിതല ഭരണ സംവിധാനമാണ് സീമാറ്റ്-കേരളയുടേത്. ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായ പൊതുസമിതിയും മന്ത്രി തന്നെ ചെയർമാനായ 12 അംഗ നിർവ്വാഹകസമിതിയുമാണ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ളത്.

## പൊതുസമിതി (General Council)

| | | | |
|---|---|---|---|
| 1 | പ്രൊഫ. സി. രവീന്ദ്രനാഥ്, ബഹു. വിദ്യാഭ്യാസവകുപ്പ് മന്ത്രി | - | ചെയർമാൻ |
| 2 | സെക്രട്ടറി, പൊതുവിദ്യാഭ്യാസവകുപ്പ് | - | വൈസ് ചെയർമാൻ |
| 3 | പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ് | - | മെമ്പർ |
| 4 | പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസവകുപ്പ് | - | മെമ്പർ |
| 5 | സെക്രട്ടറി, പ്ലാനിംങ് ആന്റ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് | - | മെമ്പർ |
| 6 | വൈസ് ചാൻസലർ/ഡീൻ ഓഫ് എഡ്യുക്കേഷൻ, കേരള യൂണിവേഴ്സിറ്റി | - | മെമ്പർ |
| 7 | മെമ്പർ (എഡ്യുക്കേഷൻ), സംസ്ഥാന ആസൂത്രണ ബോർഡ് | - | മെമ്പർ |
| 8 | ഡയറക്ടർ, പൊതുവിദ്യാഭ്യാസവകുപ്പ് | - | മെമ്പർ |
| 9 | കേന്ദ്ര മാനവവിഭവശേഷിവകുപ്പിലെ ഒരു പ്രതിനിധി | - | മെമ്പർ |
| 10 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ പ്ലാനിംങ് ആന്റ് അഡ്മിനിസ്ട്രേഷനിലെ ഒരു പ്രതിനിധി | - | മെമ്പർ |
| 11 | ഡയറക്ടർ, ഹയർ സെക്കന്ററി എഡ്യുക്കേഷൻ | - | മെമ്പർ |
| 12 | ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. | - | മെമ്പർ |
| 13 | ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് | - | മെമ്പർ |
| 14 | ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് | - | മെമ്പർ |
| 15 | പ്രൊഫ. എ. സുഹൃത്കുമാർ, അസോസിയേറ്റ് പ്രൊഫസർ, ഗവ. ലോ കോളേജ്, തിരുവനന്തപുരം | - | മെമ്പർ |
| 16 | ഡോ. പി. ഷീബ, അസോസിയേറ്റ് പ്രൊഫസർ, എസ്.എൻ. ട്രെയിനിംങ് കോളേജ്, നെടുങ്ങണ്ട | - | മെമ്പർ |
| 17 | സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷ കേരള | - | മെമ്പർ |
| 18 | ശ്രീ. എം. മെഹബൂബ്, സൗഹൃദം, വേളൂർ പി.ഒ., അത്തോളി, കോഴിക്കോട് | - | മെമ്പർ |
| 19 | ഡോ. രാഹുൽ വി.ആർ. അസിസ്റ്റന്റ് പ്രൊഫസർ, ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, തിരുവനന്തപുരം | - | മെമ്പർ |
| 20 | ശ്രീ. കെ.സി. ഹരികൃഷ്ണൻ, ഗവ. യു.പി. സ്കൂൾ, ചാല, തിരുവനന്തപുരം | - | മെമ്പർ |
| 21 | ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ ടെക്നോളജി, തിരുവനന്തപുരം | - | മെമ്പർ |

| | | | |
|---|---|---|---|
| 22 | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം | - | മെമ്പർ |
| 23 | ഡയറക്ടർ, സീമാറ്റ്-കേരള | - | മെമ്പർ സെക്രട്ടറി |


## നിർവാഹകസമിതി (Executive Committee)

| | | | |
|---|---|---|---|
| 1 | പ്രൊഫ. സി. രവീന്ദ്രനാഥ്, ബഹു. വിദ്യാഭ്യാസവകുപ്പ് മന്ത്രി | - | ചെയർമാൻ |
| 2 | സെക്രട്ടറി, പൊതുവിദ്യാഭ്യാസവകുപ്പ് | - | വൈസ് ചെയർമാൻ |
| 3 | പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ് | - | മെമ്പർ |
| 4 | സെക്രട്ടറി, പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് | - | മെമ്പർ |
| 5 | ഡയറക്ടർ, പൊതുവിദ്യാഭ്യാസവകുപ്പ് | - | മെമ്പർ |
| 6 | സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷ കേരള | - | മെമ്പർ |
| 7 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ പ്ലാനിംഗ് ആന്റ് അഡ്മിനിസ്ട്രേഷനിലെ പ്രതിനിധി | - | മെമ്പർ |
| 8 | ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. | - | മെമ്പർ |
| 9 | ഡോ. രാഹുൽ വി.ആർ. അസിസ്റ്റന്റ് പ്രൊഫസർ, ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, തിരുവനന്തപുരം | - | മെമ്പർ |
| 10 | ശ്രീ. കെ.സി. ഹരികൃഷ്ണൻ, ഗവ. യു.പി. സ്കൂൾ, ചാല, തിരുവനന്തപുരം | - | മെമ്പർ |
| 11 | ശ്രീ. എം. മെഹബൂബ്, സൗഹൃദം, വേളൂർ പി.ഒ., അത്തോളി, കോഴിക്കോട് | - | മെമ്പർ |
| 12 | ഡയറക്ടർ, സീമാറ്റ്-കേരള | - | മെമ്പർ സെക്രട്ടറി |

## റിപ്പോർട്ട് കാലയളവിലെ ഡയറക്ടർ

**ഡോ. എം.എ. ലാൽ**

## സീമാറ്റ്-കേരള - ഉദ്യോഗസ്ഥ വിന്യാസം



## അദ്ധ്യായം – 3

## സീമാറ്റ്-കേരള -ഉദ്ദേശ്യലക്ഷ്യങ്ങൾ

- ✓ വിദ്യാഭ്യാസാസൂത്രണത്തിലും മാനേജ്മെന്റിലും മികവിന്റെ കേന്ദ്രമാകുക.
- ✓ ആസൂത്രണ നിർവഹണത്തിന്റെ ഗുണമേൻമ ഉയർത്തുക.
- ✓ വിദ്യാഭ്യാസാസൂത്രണ മാനേജ്മെന്റിൽ ഗവേഷണങ്ങൾ നടത്തുകയും അവ ഏകോപിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- ✓ മറ്റ് സംസ്ഥാന സർക്കാരുകളുടെയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും ആവശ്യപ്രകാരം വേണ്ട വിദഗ്ധ നിർദേശങ്ങൾ നൽകുക.
- ✓ വിദ്യാഭ്യാസ മാനേജ്മെന്റുമായും ആസൂത്രണവുമായും ബന്ധപ്പെട്ട ആശയങ്ങളുടെയും വിവരങ്ങളുടെയും ശുദ്ധീകരണശാലയായി പ്രവർത്തിക്കുക.
- ✓ സമാനസ്വഭാവമുള്ള സ്ഥാപനങ്ങളുടെ കൂട്ടായ്മ രൂപപ്പെടുത്തുക.
- ✓ മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിനായി ലേഖനങ്ങളും മാഗസിനുകളും, ജേർണലുകളും പ്രസിദ്ധീകരിക്കുക.
- ✓ വിദ്യാഭ്യാസ നവീകരണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അധ്യാപകരുടെയും മറ്റ് സ്വയംഭരണസ്ഥാപനങ്ങളുടെയും പങ്കാളിത്തം സീമാറ്റ്-കേരളയിൽ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
- ✓ നൂതന പദ്ധതികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുക.
- ✓ വിദ്യാഭ്യാസ മാനേജ്മെന്റും ആസൂത്രണവുമായി ബന്ധപ്പെട്ട ഗവേഷണപദ്ധതികൾ നടത്തുക.
- ✓ സാങ്കേതിക വിഭവങ്ങളുടെ പരമാവധി ഉപഭോഗത്തിനായി മറ്റു സ്ഥാപനങ്ങളുടെ സഹായം ഉറപ്പുവരുത്തുക.
- ✓ വിദ്യാഭ്യാസാസൂത്രണവും മാനേജ്മെന്റുമായി ബന്ധപ്പെട്ട കാര്യത്തിൽ സർക്കാരിനും, വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും ഉപദേശം നൽകുക.
- ✓ വിദ്യാഭ്യാസ മാനേജ്മെന്റുമായി ബന്ധപ്പെട്ട മേഖലയിൽ സെമിനാറുകളും ശില്പശാലകളും സമ്മേളനങ്ങളും സിംപോസിയങ്ങളും സംഘടിപ്പിക്കുക.
- ✓ വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള പ്രീ-സർവീസ്, ഇൻ-സർവീസ് കോഴ്സുകൾ സംഘടിപ്പിക്കുക.
- ✓ വിദ്യാഭ്യാസമേഖലയിലെ ആസൂത്രണവും നയരൂപീകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള വ്യക്തികൾക്ക് ബോധവൽക്കരണ പരിപാടികളും സെമിനാറുകളും സംഘടിപ്പിക്കുക.
- ✓ വിദ്യാഭ്യാസമേഖലയിലെ ആസൂത്രണവും മാനേജ്മെന്റുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വ്യക്തികൾക്ക് അക്കാദമികവും തൊഴിലധിഷ്ഠിതവുമായ നിർദേശങ്ങൾ നൽകുക.

# അദ്ധ്യായം – 4

# സീമാറ്റ്-കേരളയിലെ വിവിധ വകുപ്പുകളും ടാർഗറ്റ് ഗ്രൂപ്പും

## സീമാറ്റ്-കേരളയിലെ വിവിധ വകുപ്പുകൾ

സീമാറ്റ്-കേരളയുടെ പ്രവർത്തനങ്ങൾ 5 വകുപ്പുകൾക്ക് കീഴിൽ ഉൾപ്പെടുത്തിക്കൊണ്ട് മുന്നോട്ട് കൊണ്ടു പോകുന്നത്.

- **പോളിസി പ്ലാനിംങ്, മോണിറ്ററിംങ് ആന്റ് ഇവാല്യുവേഷൻ വിഭാഗം**

വിദ്യാഭ്യാസമേഖലയിൽ പുതുതായി ഉരുത്തിരിയുന്ന ആശയങ്ങളെപ്പറ്റിയും വിഷയങ്ങളെപ്പറ്റിയും കാഴ്ചപ്പാടുകളെപ്പറ്റിയും പഠനം നടത്തുക എന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതല. വിദ്യാഭ്യാസാസൂത്രണത്തിലും മാനേജ്മെന്റിലും പ്രാഥമികമായ ഊന്നൽ നൽകിക്കൊണ്ട് ഇന്ത്യൻ സാഹചര്യത്തിൽ നയരൂപീകരണം എങ്ങനെയാണ് സാധ്യമാകുന്നത്, അതിന്റെ ഉരുത്തിരിയൽ എങ്ങനെയാണ് എന്നതിനെക്കുറിച്ചും ഈ വിഭാഗം പഠിക്കുന്നു. നയരൂപീകരണത്തെക്കുറിച്ചും മാനേജ്മെന്റ് പരിശീലനങ്ങളെപ്പറ്റിയുമുള്ള വിലയിരുത്തലുകൾ നടത്തി. വിദ്യാഭ്യാസ നയരൂപീകരണവുമായി ബന്ധപ്പെട്ട വിവിധതരം പരിശീലനങ്ങൾ, ശില്പശാലകൾ, ചർച്ചകൾ തുടങ്ങിയ പരിപാടികൾ സീമാറ്റ്-കേരള സംഘടിപ്പിക്കുന്നത് ഈ വകുപ്പിന്റെ ആഭിമുഖ്യത്തിലാണ്. അത്തരം വിലയിരുത്തലുകൾ നടത്തുന്നതിനുള്ള സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ ഗവേഷണങ്ങൾ നടത്തിക്കൊണ്ട് സീമാറ്റ്-കേരളയുടെ ആത്യന്തിക ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന്, മറ്റു വിഭാഗങ്ങളോടൊപ്പം ചേർന്നുകൊണ്ട് നിരന്തരം പരിശ്രമിക്കുക എന്നതാണ് വിഭാഗത്തിന്റെ ലക്ഷ്യം.

- **മാനേജ്മെന്റ് ട്രെയിനിംങ് വിഭാഗം**

വിദ്യാഭ്യാസ മേധാവികൾക്കും ഭരണതലത്തിൽ നേതൃത്വം നൽകുന്നവർക്കും വിദ്യാഭ്യാസ നിർവ്വഹണത്തിൽ പരിശീലനം നൽകാനുള്ള ചുമതല ഈ വിഭാഗത്തിനാണ്. സ്വാഭാവികമായും വിവിധ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമുകളും ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാമുകളും ആസൂത്രണം ചെയ്യുന്നതും സംഘടിപ്പിക്കുന്നതും മാനേജ്മെന്റ് ട്രെയിനിംഗ് വിഭാഗമാണ്. സംസ്ഥാനത്തെ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റാനാവശ്യമായ പരിശീലനമാണ് വിവിധ വിഭാഗങ്ങളിൽപെടുന്ന മേധാവികൾക്ക് നൽകിവരുന്നത്. ഇതുമായി ബന്ധപ്പെട്ട ആസൂത്രണം, നിർവ്വഹണം, മൊഡ്യൂൾ തയ്യാറാക്കൽ തുടങ്ങിയവ സാധ്യമാക്കാനാവശ്യമായ ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള ചുമതലയും ഈ വിഭാഗത്തിനുണ്ട്. കൂടാതെ ലക്ഷ്യസാക്ഷാത്കാരത്തിന്, ആവശ്യഘട്ടങ്ങളിൽ, സെമിനാറുകളും ഗവേഷണ പ്രവർത്തനങ്ങളും നടത്താറുമുണ്ട്.

- **റിസർച്ച്, എഡ്യുക്കേഷണൽ ഇന്നവേഷൻ, കൺസൾട്ടൻസി ആന്റ് ഡോക്യുമെന്റേഷൻ വിഭാഗം**

വിദ്യാഭ്യാസാസൂത്രണത്തിലും നിർവഹണത്തിലും സഹായകമായ മികച്ച ഗവേഷണങ്ങൾ നടത്തുന്നതിനായി രൂപീകരിച്ചിരിക്കുന്ന വിഭാഗമാണിത്. വിദ്യാഭ്യാസ രംഗത്ത് നേതൃസ്ഥാനം വഹിക്കുന്നവരുടെ നേതൃഗുണങ്ങളും നിർവഹണശേഷിയും വർധിപ്പിക്കുന്നതിനുള്ള സീമാറ്റ്-കേരളയുടെ ശ്രമത്തിന് ഊർജ്ജംപകരുന്നത് ഈ വിഭാഗമാണ്.ഗുണനിലവാരമുള്ള ഗവേഷണങ്ങൾ നടത്തുന്നതിലും പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുന്നതിലും വിഭാഗം ബദ്ധശ്രദ്ധമാണ്. വിദ്യാഭ്യാസരംഗത്ത് മികച്ച ഗവേഷണങ്ങൾ നടത്തി, നവീനാശയങ്ങൾ ഉരുത്തിരിച്ചെടുത്താലെ ഗുണനിലവാര വർദ്ധന സാദ്ധ്യമാകൂ. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതും ഭാവിയിൽ സംശയനിവാരണത്തിനായി അവ ലഭ്യമാക്കേണ്ടതും പരമപ്രധാനമായ കാര്യങ്ങളാണ്. ലൈബ്രറി, ഡേറ്റാബെയ്സ് മുതലായ അനുബന്ധ സേവനങ്ങൾ പ്രയോജനപ്പെടുത്തിയാണ് ഈ വിഭാഗം പ്രവർത്തിക്കുന്നത്.

- **എഡ്യുക്കേഷണൽ പ്ലാനിംങ് ആന്റ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വിഭാഗം**

വിദ്യാഭ്യാസ മാനേജ്മെന്റ് വിവരസംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഡാറ്റാശേഖരം തയ്യാറാക്കുന്നതിനാവശ്യമായ ഗവേഷണം നടത്തുക, ഡേറ്റാവിശകലനം നടത്തി നയരൂപീകരണത്തിനുള്ള മാർഗനിർദേശങ്ങൾ തയ്യാറാക്കുക തുടങ്ങിയവയാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. അതുപോലെ കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖലയെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ വിവരവിശകലന പ്രവർത്തനത്തിലും ഈ വിഭാഗം ഭാഗഭാക്കാകുന്നു. സീമാറ്റ്-കേരള അന്തർദേശീയതലത്തിൽ പ്രസിദ്ധമായ സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തത്തിന് നിരന്തരം ശ്രമിക്കുന്നുണ്ട്. ഈ പ്രവർത്തനത്തിന് ചുക്കാൻ പിടിക്കുന്നതും എഡ്യൂക്കേഷൻ പ്ലാനിംഗ് ആന്റ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വിഭാഗമാണ്. ഡേറ്റാ മാനേജ്മെന്റുമായി ബന്ധപ്പെട്ട വിവിധ തുറകളിൽ ശില്പശാലകളും പരിശീലനപരിപാടികളും സംഘടിപ്പിക്കുക, ഈ മേഖലയിൽ അത്യാധുനിക ഗവേഷണങ്ങൾ നടത്തുക എന്നിവയും ഈ വകുപ്പിന്റെ കർത്തവ്യങ്ങളിൽപ്പെടുന്നു.

- **അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ്**

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഓരോ അധ്യയനവർഷത്തെയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ നിർണായക പങ്കുവഹിക്കുന്ന വിഭാഗമാണിത്. മികച്ച ആസൂത്രണവും മാനേജ്മെന്റും സ്കൂളുകളിൽ മെച്ചപ്പെട്ട പഠനാന്തരീക്ഷം നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണ്. അതിനായി വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് നേതൃത്വം നൽകുന്ന വ്യക്തികൾക്കും മറ്റു ഗുണഭോക്താക്കൾക്കും തൊഴിൽപരമായ പരിശീലനവും മാർഗനിർദേശവും നൽകേണ്ടിവരും. അതിനാൽ ഈ വിഭാഗം വിവിധ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമുകളിലൂടെ പ്ലാനിങ്ങിനെയും മാനേജ്മെന്റിനെയും സംബന്ധിക്കുന്ന പരിശീലനം വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മേധാവികൾക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും

നൽകിവരുന്നു. ഗവേഷണമടക്കമുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ പരിശീലനപരിപാടികൾ കാലോചിതമായി പരിഷ്കരിക്കേണ്ടതും ഈ വകുപ്പിന്റെ ചുമതലയാണ്.

## ടാർഗറ്റ് ഗ്രൂപ്പ്

പൊതുവിദ്യാഭ്യാസവകുപ്പിൻ കീഴിലുള്ള മുഴുവൻ ജില്ലാ, ഉപജില്ലാ തലത്തിലുള്ള സ്ഥാപനമേധാവികളും അഡ്മിനിസ്ട്രേറ്റീവ്/അക്കാദമിക് അംഗങ്ങളുമാണ് സീമാറ്റ്-കേരള നടത്തുന്ന വിവിധ മാനേജ്മെന്റ്/ലീഡർഷിപ്പ് പരിപാടികളുടെ ഗുണഭോക്താക്കൾ. ഇതു കൂടാതെ വിദ്യാഭ്യാസവകുപ്പിലെ നേതൃത്വനിരയിലുള്ള എല്ലാ അഡ്മിനിസ്ട്രേറ്റീവ്/ അക്കാദമിക് അംഗങ്ങൾക്കും ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് പരിശീലനം നൽകി വരുന്നു. ഡയറ്റ് ഫാക്കൽറ്റിക്കുവേണ്ടി ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാമുകൾ (FDPs) സംഘടിപ്പിക്കുന്നതും സീമാറ്റ്-കേരളയാണ്.

# അദ്ധ്യായം -5

# പരിശീലന പരിപാടികളുടെ പ്രധാന വിഷയങ്ങൾ

## പരിശീലനപരിപാടികളുടെ പ്രധാന വിഷയങ്ങൾ

2017-ൽ അതുവരെ സീമാറ്റ്-കേരള നടത്തിവന്നിരുന്ന മാനേജ്മെന്റ് പരിശീലന പരിപാടികളുടെ വിലയിരുത്തൽ നടത്തി അവയെ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (CEP), ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (LEP) എന്നിങ്ങനെ രണ്ട് പ്രധാന വിഭാഗങ്ങളായി തിരിക്കുകയും താഴെപ്പറയുന്ന വിഷയങ്ങളിൽ വിദ്യാഭ്യാസ മേഖലയിൽ നേതൃത്വം വഹിക്കുന്ന ഉദ്യോഗസ്ഥർക്കും സ്ഥാപനമേധാവികൾക്കും പരിശീലനം നൽകാൻ ധാരണയാകുകയും ചെയ്തു.

### 1. പൊതുവിഷയങ്ങൾ

1. നേതൃത്വപാടവം
2. തീരുമാനമെടുക്കുന്നതിലുള്ള വൈദഗ്ധ്യം
3. യോഗ/മെഡിറ്റേഷൻ/മൈന്റ് ഫുൾനെസ്
4. ടൈം മാനേജ്മെന്റ്
5. ഓഫീസ് മാനേജ്മെന്റ്
6. കമ്മ്യൂണിക്കേഷനിലുള്ള വൈദഗ്ധ്യം
7. ദുരന്തനിവാരണ വൈദഗ്ധ്യം
8. സ്ഥാപനമേധാവി എന്ന നിലയിൽ വിവിധ മേഖലകളിലുള്ള ശേഷി വർധിപ്പിക്കൽ

### 2. അക്കാദമിക മാനേജ്മെന്റ്

1. പരീക്ഷകളും വിലയിരുത്തലും
2. നിർദേശങ്ങളും മേൽനോട്ടവും
3. സ്കൂൾ/ക്ലാസ്റൂം നിരീക്ഷണം
4. സ്വയംവിലയിരുത്തലും നൂതനാശയങ്ങൾ വികസിപ്പിക്കുന്നതിനും പരിശീലനം

### 3. വിദ്യാഭ്യാസാധിഷ്ഠിത വിഷയങ്ങൾ

1. കേരളവിദ്യാഭ്യാസനയവും അതിലെ വ്യവസ്ഥകളും
2. കേരളവിദ്യാഭ്യാസ കമ്മീഷന്റെ റിപ്പോർട്ടുകൾ
3. വിദ്യാഭ്യാസനയങ്ങളുടെ വിലയിരുത്തൽ

4. വിദ്യാഭ്യാസപ്രവണതകളുടെ അവലോകനം
5. SSK/KIETപരിപാടികളുടെ നിർവഹണവും വിലയിരുത്തലും
6. പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾ/വ്യത്യസ്തമായ കഴിവുകളുള്ള കുട്ടികൾ
7. വിദ്യാഭ്യാസമേഖലയിലെ നൂതനാശയങ്ങൾ

മേൽ രൂപരേഖയുടെ അടിസ്ഥാനത്തിൽ, സെഷനുകൾ കൈകാര്യം ചെയ്യുന്ന വിദഗ്ധർ ഓരോ സെഷന്റെയും ഉള്ളടക്കം നിശ്ചയിച്ച് സീമാറ്റ്-കേരളയ്ക്ക് നൽകിവരുന്നു.

**4.പ്രത്യേകവിഷയങ്ങൾ**

1. കേരള സർവീസ് റൂൾസ്
2. കേരള സ്റ്റേറ്റ്സ് സബോർഡിനേറ്റ് സർവീസ് വകുപ്പുകൾ
3. കേരള ഫിനാൻഷ്യൽ കോഡ്
4. ട്രഷറി കോഡ്
5. സെക്രട്ടറിയേറ്റ് മാനുവൽ
6. റൂൾസ് ഓഫ് ബിസിനസ്
7. ജില്ലാ ഓഫീസ് മാനുവൽ
8. പദ്ധതിനിർവഹണത്തിനുള്ള മാനുവൽ
9. ബജറ്റ് തയ്യാറാക്കൽ
10. ഭരണാനുമതിക്കുള്ള നടപടിക്രമം
11. സാങ്കേതികാനുമതിക്കുള്ള നടപടിക്രമം
12. പൊതുവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഗവൺമെന്റ് ഉത്തരവുകളും വ്യവഹാരങ്ങളും
13. വിവരാവകാശ നിയമം, കോടതി വ്യവഹാരങ്ങൾ

## അദ്ധ്യായം – 6
## 2020–21 ൽ സംഘടിപ്പിച്ച ഓൺലൈൻ പരിശീലനങ്ങൾ

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങളോടൊപ്പം ചേർന്നുകൊണ്ട് വിദ്യാഭ്യാസ ആസൂത്രണ പ്രക്രിയയിൽ സീമാറ്റ്-കേരള നടത്തുന്ന പുരോഗമനപരമായ ഇടപെടലുകൾ നയരൂപീകരണത്തിൽ സർക്കാരിന് സഹായകമാകുന്നു. വിദ്യാഭ്യാസ ജില്ലാ-ഉപജില്ലാ ഓഫീസർമാർ, സംസ്ഥാനത്തെ എൽ.പി./യു.പി., ഹൈസ്കൂൾ പ്രഥമാധ്യാപകർ, ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാർ, വൊക്കേഷണൽ ഹയർ സെക്കൻഡറി കരിയർമാസ്റ്റർമാർ തുടങ്ങി വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ നേതൃസ്ഥാനങ്ങളിലുള്ളവരാണ് സീമാറ്റ്-കേരള സംഘടിപ്പിക്കുന്ന മാനേജ്മെന്റ് പരിശീലനങ്ങളുടെ ഗുണഭോക്താക്കൾ. 2005 ൽ സീമാറ്റ്-കേരള സ്ഥാപിതമായതുമുതൽ 80000 ത്തിലേറെ പേർക്ക് പരിശീലനം നൽകാൻ സാധിച്ചിട്ടുണ്ട്. ഇത്തരം പരിശീലനങ്ങൾ അക്കാദമിക-ഔദ്യോഗിക തലത്തിൽ മാത്രമല്ല വ്യക്തി ജീവിതത്തിലും പരിശീലനാർത്ഥികളെ ഉന്നതനിലവാരത്തിൽ എത്തിച്ചുവരുന്നു. തങ്ങളുടെ അധികാരപരിധിയിൽപെടുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും, നിയന്ത്രിക്കാനും അവലോകനം ചെയ്യാനും സഹായകമായ അറിവും ഉൾക്കാഴ്ചയും സീമാറ്റ്-കേരള പരിശീലിപ്പിച്ചവർക്ക് ലഭിക്കുന്നുവെന്ന് ഫലപ്രാപ്തി പഠനങ്ങളിൽ വെളിവായിട്ടുണ്ട്. വിദ്യാഭ്യാസ ഓഫീസർമാർക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും മാർഗദീപമായി മാറിയ പല കൈപുസ്തകങ്ങളും രേഖകളും ഗവേഷണത്തിലൂടെ തയ്യാറാക്കി നൽകാനും സീമാറ്റ്-കേരളയ്ക്ക് സാധിച്ചു. ഗുണമേന്മയുള്ള പരിശീലനം എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമാക്കുക എന്നതാണ് സീമാറ്റ്-കേരളയുടെ പ്രധാന ലക്ഷ്യം. 2020-2021-ൽ വിവിധ വിഭാഗങ്ങളിൽപെടുന്ന 3098 പേർക്കാണ് സീമാറ്റ്-കേരളയുടെ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ മാനേജ്മെന്റ് പരിശീലനം ലഭിച്ചത്.

കോവിഡ് മഹാമാരി പൊതുവിദ്യാഭ്യാസ സംവിധാനത്തിൽ വരുത്തിയ വിപത്തുകൾ മറികടന്ന് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിഭാവനം ചെയ്യുന്ന ഗുണമേന്മ വിദ്യാഭ്യാസം കുട്ടികൾക്ക് ഉറപ്പു വരുത്തേണ്ടതുണ്ട്. വീടുകൾ വിദ്യാലയമാക്കി നടന്നുവരുന്ന പഠന-ബോധന സമ്പ്രദായം കൂടുതൽ ഫലപ്രദമാക്കുന്നതിനും കൃത്യമായ വിലയിരുത്തലുകളിലൂടെ വേണ്ട പ്രോത്സാഹനം നൽകുന്നതിനും, വെർച്വൽ സംവിധാനത്തിന്റെ പരിമിതികളെ മറികടന്ന് മുന്നോട്ട് പോകുന്നതിനും വിദ്യാഭ്യാസ ഓഫീസർമാരെയും, പ്രഥമാധ്യാപകരെയും അനധ്യാപക ജീവനക്കാരെയും വിദ്യാഭ്യാസ മാനേജ്മെന്റ് പരിശീലനത്തിലൂടെ സജ്ജരാക്കുക എന്നതായിരുന്നു സീമാറ്റ്-കേരളയുടെ 2020-2021 അക്കാദമിക വർഷം ഏറ്റെടുത്ത ദൗത്യം. പരമ്പരാഗത രീതിയിലുള്ള പരിശീലനം അസാധ്യമാണെന്ന തിരിച്ചറിവിൽ നിന്നാണ് വെർച്വൽ പ്ലാറ്റ്ഫോമുകളുടെ സാധ്യതകളെപ്പറ്റി ഇൻസ്റ്റിറ്റ്യൂട്ട് കൂടുതൽ ആലോചനയും ആസൂത്രണവും നടത്തിയത്. വിവിധ തലങ്ങളിൽ വിദഗ്ധരുമായി നടത്തിയ കൂടിയാ

ലോചനകൾക്ക് ശേഷമാണ് പരിശീലന പരിപാടികൾ ഓൺലൈനായിതന്നെ നടത്തണം എന്ന ധാരണയിലെത്തിയത്. അതിന് മുന്നോടിയായി സീമാറ്റ്-കേരളയുടെ ആർ.പി പൂളിലുള്ള വിദഗ്ധർക്ക് ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ച് ഓൺലൈൻ സങ്കേതങ്ങൾ ഉപയോഗിച്ച് സമർത്ഥമായി ക്ലാസുകൾ നയിക്കുന്നതിനുള്ള അവബോധം നൽകി.

**1. ആർ.പി.മാർക്ക് ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം**

വിവിധ വിഷയങ്ങളിലും മേഖലകളിലും പ്രാഗത്ഭ്യമുള്ള എൺപതോളം വിദഗ്ദ്ധർ സീമാറ്റ്-കേരളയുടെ ആർ.പി. പൂളിലുണ്ട്. ഇവർക്കുവേണ്ടി 18.05.2020-ന് ഒരു ഏകദിന ഓൺലൈൻ പരിശീലനപരിപാടി സംഘടിപ്പിക്കുകയുണ്ടായി. ഓൺലൈൻ പരിശീലനത്തിന്റെ വിവിധ സങ്കേതങ്ങളും ടൂളുകളും തന്ത്രങ്ങളും പരിചയപ്പെടുത്തുകയായിരുന്നു ഉദ്ദേശ്യം. ആർ.പി. പൂളിലുള്ള 68 പേരും സീമാറ്റ്-കേരളയുടെ ഇന്റേണൽ ടീം അംഗങ്ങളും പങ്കെടുത്ത ഓറിയൻറ്റേഷൻ പ്രോഗ്രാം വൻ വിജയമായിരുന്നു. ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് നൽകിയ സന്ദേശത്തോടെ ആരംഭിച്ച ഓൺലൈൻ പരിശീലനപരിപാടിയുടെ രാവിലത്തെ സെഷൻ കൈകാര്യം ചെയ്തത് ഐ.എച്ച്.ആർ.ഡി. എൻജിനീയറിംഗ് കോളേജ് (ആറ്റിങ്ങൽ) പ്രിൻസിപ്പാൾ ഡോ. സുനിൽ ടി.ടി. യും ഉച്ചയ്ക്ക് ശേഷം നടന്ന സെഷൻ കൈകാര്യം ചെയ്തത് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ശ്രീ. അനൂപ് എം.ആറുമായിരുന്നു.

**2. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ എൽ.ഇ.പി.**

വിദ്യാഭ്യാസ വകുപ്പിലെ ജില്ലാ, ഉപജില്ലാ ഓഫീസർമാർക്ക് പരിശീലനം നൽകാനുള്ള ചുമതല സീമാറ്റ്-കേരളയിൽ നിക്ഷിപ്തമാണ്. സാമ്പ്രദായിക രീതിയിലുള്ള പരിശീലനം കോവിഡ് കാലത്ത് അസാദ്ധ്യമായതിനാൽ AEO, DEO മാർക്കുള്ള ഫൗണ്ടേഷൻ ലെവൽ *ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാമുകൾ (LEPs)* ഓൺലൈനായി പൂർത്തീകരിച്ചു. സംസ്ഥാനത്തെ 41 DEO മാർക്കാണ് ഈ സീരീസിലെ ആദ്യ പ്രോഗ്രാമിലൂടെ പരിശീലനം നൽകിയത്. പരിശീലന പരിപാടിയിലെ വിവിധ സെഷനുകൾ കൈകാര്യം ചെയ്യേണ്ട വിദഗ്ദ്ധർക്കുള്ള Faculty brief ഉം Module വിശദീകരണവും ഇൻസ്റ്റിറ്റ്യൂട്ട് തയ്യാറാക്കിയ ശേഷമാണ് പരിശീലനത്തിലേക്ക് കടന്നത്.

ഓഗസ്റ്റ് 20, 21 തീയതികളിൽ നടത്തിയ ഈ പ്രോഗ്രാമിന് ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് നൽകിയ സന്ദേശത്തോടുകൂടി ആരംഭം കുറിച്ചു. ഉദ്ഘാടന സെഷൻ കൈകാര്യം ചെയ്തത് ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷൻ ശ്രീ. കെ. ജീവൻ ബാബു, ഐ.എ.എസ്.

ആണ്. കേരള സർവ്വകലാശാലയിലെ കമ്പ്യൂട്ടേഷണൽ ബയോളജി ആന്റ് ബയോഇൻഫോമാറ്റിക്സ് വിഭാഗം പ്രൊഫസർ ഡോ. അച്ചുത്ശങ്കർ എസ്. നായർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ ലൂക്കോസ് കുര്യാക്കോസ്, പൊതുജന ആരോഗ്യ വിദഗ്ദ്ധൻ ഡോ. അനീഷ് റ്റി.എസ്., KASE ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ശ്രീ. അനൂപ് എം.ആർ. എന്നിവരായിരുന്നു മറ്റ് ഫാക്കൽറ്റികൾ.

### 3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ എൽ.ഇ.പി.

2020 -21 സാമ്പത്തിക വർഷം സീമാറ്റ്-കേരള സംഘടിപ്പിച്ച ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ പരിശീലന പരമ്പരയിലെ രണ്ടാമത്തെ പരിശീലനമാണിത്. ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിൽ ഭൂരിഭാഗവും എൽ.പി/യു.പി പ്രഥമാധ്യാപകരിൽ നിന്ന് പ്രമോഷൻ ലഭിച്ച് വരുന്നവരും, ശരാശരി 50 വയസ്സിനോടടുത്ത് പ്രായ മുള്ളവരുമാണ്. അതുകൊണ്ടുതന്നെ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയോ സാങ്കേതിക പരിജ്ഞാനമോ അവർക്കുണ്ടാകാനിടയില്ല. വിദ്യാഭ്യാസ ഉപജില്ലാ മേധാവി എന്ന നില യിൽ അക്കാദമികവും ഭരണപരവുമായ നിരവധി ചുമതകൾ നിറവേറ്റാൻ ബാധ്യതപ്പെട്ട വരാണ് എ.ഇ.ഒ മാർ. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവുമായി ബന്ധപ്പെട്ട് സ്കൂൾ തലത്തിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങളുടെയും അക്കാദമിക മാസ്റ്റർപ്ലാനിന്റെയും നിർവഹണം സുഗമമാക്കുകയും യഥാസമയം വിലയിരുത്തേ ണ്ടതും എ.ഇ.ഒ മാരാണ്. ഇതിനൊക്കെയുപരിയായി കോവിഡ് സാഹചര്യത്തിൽ നിര വധി അധിക ചുമതലകളും നിറവേറ്റേണ്ടതായിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് സീമാ റ്റ്-കേരള വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ പരി ശീലനം സംഘടിപ്പിച്ചത്.

പരിശീലനാവശ്യം മനസിലാക്കുവാനായി എ.ഇ.ഒ മാരുടെ പ്രതിനിധിക ളെയും മറ്റ് വിദഗ്ധരുടെയും ഓൺലൈൻ വർക്ക്ഷോപ്പ് സംഘടിപ്പിച്ചിരുന്നു. വർക്ക്ഷോപ്പിൽ പങ്കുവച്ച പരിശീലനാവശ്യങ്ങൾ സീമാറ്റ്-കേരള ഡയറക്ടറും അക്കാദ മിക വിഭാഗവും വിലയിരുത്തി സെഷനുകൾ അന്തിമമാക്കുകയാണുണ്ടായത്. സ്കൂൾ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ, കോവിഡ് കാല വിദ്യാഭ്യാസ മാനേജ്മെന്റ്, കോവിഡ് -19 സ്കൂളുകൾക്കായുള്ള വൈറസ് പ്രോട്ടോക്കോൾ, ഡിജിറ്റൽ കാലഘട്ടത്തിലെ അക്കാദമിക & വിദ്യാഭ്യാസ അഡ്മിനിസ്ട്രേഷൻ തുടങ്ങിയ സെഷനുകളായിരുന്നു ദ്വിദിന എൽ.ഇ.പി യിൽ ഉൾപ്പെടുത്തിയിരുന്നത്.

4. **ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ എൽ.ഇ.പി.**

സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഏറ്റവും സുപ്രധാന ചുമതല വഹിക്കുന്നവരാണ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർ. മികച്ച സ്കൂൾ ആസൂത്രണങ്ങളിലൂടെ അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ പ്രിൻസിപ്പൽമാർ ബാധ്യസ്ഥരാണ്. ഉത്തരവാദിത്തത്തോടെയും, ഇച്ഛാശക്തിയോടെയും പ്രവർത്തിക്കുന്നതിന് കഠിനമായ തയ്യാറെടുപ്പുകളും ഇവർക്ക് വേണ്ടി വരുന്നു. സ്കൂളിന്റെ തലവൻ എന്ന നിലയിൽ പ്രവർത്തിക്കുമ്പോഴും അധ്യാപനവും അനുബന്ധ ചുമതലകളും തൊഴിലിന്റെ ഭാഗമാക്കിയാണ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പലിന് പ്രവർത്തിക്കേണ്ടി വരുക. ഈ പശ്ചാത്തലത്തെ കൂടുതൽ സങ്കീർണമാക്കിക്കൊണ്ടാണ് കോവിഡ് മഹാമാരി പൊതുവിദ്യാഭ്യാസ മേഖലയെ മുഴുവനായി ബാധിച്ചത്. പ്രതിസന്ധിഘട്ടത്തിൽ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്ക് കൂടുതൽ ആത്മവിശ്വാസം നൽകി സ്കൂളിന്റെ അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ മാനേജ്മെന്റ് വൈദഗ്ധ്യം പകർന്നു നൽകുകയാണ് എൽ.ഇ.പി യിലൂടെ സീമാറ്റ്-കേരള ലക്ഷ്യം വച്ചത്. ഹയർസെക്കന്ററി ഡയറക്ടറേറ്റ് മുഖാന്തിരം നൽകിയ രജിസ്ട്രേഷൻ ലിങ്കിൽ രജിസ്റ്റർ ചെയ്ത പ്രിൻസിപ്പൽമാരിൽ നിന്നും 100 പേരെ വീതം ഉൾപ്പെടുത്തിയ ബാച്ചുകളായാണ് പരിശീലന പരിപാടി സീമാറ്റ്-കേരള സംഘടിപ്പിച്ചത്. നാളിതുവരെ നടത്തിയിട്ടുള്ള പരിശീലന അനുഭവങ്ങളുടെ വെളിച്ചത്തിൽ സീമാറ്റ്-കേരളയുടെ പരിശീലനങ്ങളിൽ നിന്ന് പരിശീലനാർത്ഥികൾ എന്താണ് പ്രതീക്ഷിക്കുന്നതെന്ന ഏകദേശ ധാരണ ഇൻസ്റ്റിറ്റ്യൂട്ടിനുണ്ട്. എന്നാൽ കോവിഡ് 19 കാലഘട്ട സ്കൂൾ മാനേജ്മെന്റുമായി ബന്ധപ്പെട്ട് കൂടുതൽ മെച്ചപ്പെട്ട പരിശീലനം സാധ്യമാക്കും എന്ന ലക്ഷ്യത്തോടെ ഓൺലൈൻ വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച വസ്തുതകളെയും അനുമാനങ്ങളെയും മുൻനിറുത്തിയാണ് ഭരണനിർവഹണവും സ്കൂളുകളും, വിദ്യാഭ്യാസവും അക്കാദമിക അഡ്മിനിസ്ട്രേഷനും ഡിജിറ്റൽ ഘട്ടം, കോവിഡ് 19 സ്കൂളുകൾക്കായുള്ള വൈറസ് പ്രോട്ടോകോൾ, കോവിഡ്കാല വിദ്യാഭ്യാസ മാനേജ്മെന്റ് എന്നീ സെഷനുകൾ രണ്ട് ബാച്ചുകളായി നടത്തിയ പരിശീലനത്തിൽ ഉൾപ്പെടുത്തിയത്.

5. **എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ സി.ഇ.പി.**

കോവിഡ് മഹാമാരിക്കാലത്ത് സുഗമമായ പ്രവർത്തനത്തിന് ഊർജ്ജം നൽകുവാനായി നിരവധി ഉത്തരവാദിത്തങ്ങൾ എൽ.പി./ യു.പി പ്രഥമാധ്യാപകർക്ക് വഹിക്കാനുണ്ട്. സർക്കാർ പ്രഖ്യാപിച്ച ഫസ്റ്റ് ബെൽ പ്രോഗ്രാം ഉൾപ്പെടെ കുട്ടികളുടെ പഠന പ്രക്രിയ സജീവമായി നിലനിർത്തുന്നതിൽ നിർണായക പങ്കാണ് പ്രൈമറി പ്രഥമാധ്യാപകർ നിർവഹിച്ചു വരുന്നത്. ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടും

കൃത്യതയോടും നിർവഹിക്കുന്നതിനാവശ്യമായ ആത്മവിശ്വാസം ലഭ്യമാകും വിധത്തിലാണ് സീമാറ്റ്-കേരള പരിശീലന പരിപാടി സംഘടിപ്പിച്ചത്.

പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനായി ഓൺലൈനിൽ രജിസ്റ്റർ ചെയ്ത പ്രഥമാധ്യാപകരിൽ നിന്ന് 200 പേരടങ്ങുന്ന ബാച്ചുകളായി തിരിച്ചാണ് പരിശീലന പരിപാടി ഗൂഗിൾ പ്ലാറ്റ്ഫോമിൽ സംഘടിപ്പിച്ചത്. അഞ്ച് ബാച്ചുകളായി സംഘടിപ്പിച്ച ദ്വിദിന പരിശീലനത്തിൽ ദുരന്തനിവാരണവും സ്കൂളുകളും, ഡിജിറ്റൽ കാലഘട്ടത്തിലെ അക്കാദമിക അഡ്മിന്ട്രേഷൻ, കോവിഡ് 19 ഉം സ്കൂളുകൾക്കായുള്ള വൈറസ് പ്രോട്ടോക്കോൾ, കോവിഡ്കാല വിദ്യാഭ്യാസ മാനേജ്മെന്റ് എന്നിവയായിരുന്നു പ്രധാന സെഷനുകൾ. അതാത് മേഖലയിലെ വിദഗ്ധർ മാത്രം കൈകാര്യം ചെയ്ത സെഷനുകൾക്ക് മികച്ച പ്രതികരണമാണ് പ്രഥമാധ്യാപകരിൽ നിന്നും പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ചത്.

## 6. ഹൈസ്കൂൾ പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ സി.ഇ.പി.

കോവിഡ് 19 സാഹചര്യത്തിൽ ഓൺലൈൻ ടീച്ചിംഗ് കാര്യക്ഷമമായി നടപ്പിലാക്കുക, വിലയിരുത്തുക, സഹപ്രവർത്തകരായ അധ്യാപകർക്ക് വേണ്ട പ്രോത്സാഹനവും, പിന്തുണയും നൽകുക, ഭരണപരമായ ചുമതലകൾ നിറവേറ്റുക, വിദ്യാർത്ഥികളുടെ പാഠ്യേതര പ്രവർത്തനങ്ങൾ വിലയിരുത്തുക, അധ്യാപനം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായ മാസ്റ്റർപ്ലാൻ തയ്യാറാക്കുക, ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തുക, വിവിധ പോഷക സംഘടനകളെ ഏകോപിപ്പിക്കുക തുടങ്ങി നിരവധിയാണ് ഹൈസ്കൂൾ പ്രഥമാധ്യാപകന്റെ ചുമതലകൾ. കോവിഡ് മഹാമാരി ഇത്തരം ചുമതല നിർവഹണം കൂടുതൽ സങ്കീർണമാക്കുകയോ അസാധ്യമോ ആക്കി മാറ്റിയ സാഹചര്യത്തിലാണ് സീമാറ്റ്-കേരള ഇത്തരമൊരു പരിശീലന പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്.

പൊതുവിദ്യാഭ്യാസ വകുപ്പ് വഴി നൽകിയ ലിങ്കിൽ രജിസ്റ്റർ ചെയ്ത പ്രഥമാധ്യാപകരെ 200 പേരടങ്ങുന്ന 5 ബാച്ചുകളായി തിരിച്ചാണ് 5 ബാച്ച് പരിശീലനം പൂർത്തീകരിച്ചത്. കോവിഡ് സാഹചര്യത്തിൽ പ്രഥമാധ്യാപകരുടെ പരിശീലനാവശ്യങ്ങൾ മനസിലാക്കുന്നതിനായി സംഘടിച്ച ശിൽപശാലയിൽ പ്രഥമാധ്യാപകരുടെ പ്രതിനിധികളും പരിശീലകരും വിദഗ്ധരും പങ്കുവച്ച അഭിപ്രായങ്ങൾ കൂടി പരിഗണിച്ചാണ് ദ്വിദിന പരിശീലനത്തിലെ വിവിധ സെഷനുകൾ അന്തിമമാക്കിയത്. ദുരന്തനിവാരണവും സ്കൂളുകളും, വിദ്യാഭ്യാസവും അക്കാദമിക് അഡ്മിനിസ്ട്രേഷനും ഡിജിറ്റൽ ഘട്ടം, കോവിഡ് 19 സ്കൂളുകൾക്കായുള്ള വൈറസ് പ്രോട്ടോകോൾ, കോവിഡ്കാല വിദ്യാഭ്യാസ മാനേജ്മെന്റും ഹൈസ്കൂൾ പ്രഥമാധ്യാപകരുടെ കടമകളും കർത്തവ്യങ്ങളും, മെച്ചപ്പെട്ടതും ഗുണമേന്മയേറിയതുമായ ഇ-ലേർണിംഗ് സാധ്യതകൾ തുടങ്ങിയ സെഷനുകളാണ് പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നത്. അതാത് മേഖല

യിലെ വിദഗ്ധർ മാത്രം വിവിധ സെഷനുകൾ കൈകാര്യം ചെയ്ത പ്രോഗ്രാമിന് മികച്ച പ്രതികരണം പരിശീലനാർത്ഥികളിൽ നിന്ന് ലഭിക്കുകയുണ്ടായി.

7. **വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം കരിയർ മാസ്റ്റർമാർക്കുളള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ സി.ഇ.പി.**

പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ട്രേറ്റിന്റെയും ശക്തമായ പിന്തുണയും സഹകരണവും പ്രോഗ്രാമിന്റെ പരിപൂർണ്ണ വിജയത്തിൽ നിർണായകമായി. വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസത്തെക്കുറിച്ചും അതിന്റെ തൊഴിൽ - ഉപരിപഠന സാധ്യതകളെക്കുറിച്ചും വ്യക്തമായ അവബോധം കുട്ടികളിൽ വളർത്തിയെടുക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ നൽകി കൗമാരക്കാരായ വിദ്യാർത്ഥികളിലുണ്ടാകുന്ന മാനസിക-സാമൂഹിക പ്രശ്നങ്ങളെ വിദഗ്ധമായി കൈകാര്യം ചെയ്യുന്ന വൊക്കേഷണൽ ഹയർസെക്കന്ററി അധ്യാപകരാണ് കരിയർമാസ്റ്റർമാർ. വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിന്റെ സജീവത നിലനിർത്തുന്നതിൽ നിർണായക പങ്കാണ് കരിയർമാസ്റ്റർമാർക്കുള്ളത്. ഇത്തരം വസ്തുതകളുടെ പ്രധാന്യം ഉൾകൊണ്ടുകൊണ്ടാണ് സ്ഥാപനമേധാവികൾ അല്ലാതിരിന്നിട്ടുകൂടി സീമാറ്റ്-കേരള കരിയർമാസ്റ്റർമാർക്ക് പരിശീലനം നൽകുന്നതിന്റെ പ്രധാന കാരണം.

വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ നടന്നുവരുന്ന ഒട്ടുമിക്ക പ്രവർത്തനങ്ങളുടെയും ചാലകശക്തി കരിയർമാസ്റ്റർമാരാണ്. മാത്രമല്ല തൊഴിലധിഷ്ഠിത കോഴ്സായത് കൊണ്ടുതന്നെ കോവിഡ് മഹാമാരി ഇവരിൽ സൃഷ്ടിച്ച ആഘാതം ചെറുതല്ല. കൗമാരക്കാരായ കുട്ടികളുടെ മാനസിക-അക്കാദമിക പ്രശ്നങ്ങൾ ഒരു പരിധി വരെ കൈകാര്യം ചെയ്യുന്നതും കരിയർമാസ്റ്റർമാരാണ്. അതുകൊണ്ട് ഈ പ്രത്യേക വിഭാഗത്തിനാവശ്യമായ മാനസിക പിന്തുണയും, മാനേജ്മെന്റ് വൈദഗ്ധ്യവും മികവുറ്റതാക്കേണ്ട ചുമതല ഇൻസ്റ്റിറ്റ്യൂട്ട് കൃത്യമായി നിർവഹിച്ചു.

പരിശീലനാവശ്യം കണ്ടെത്തുന്നതിനായി സീമാറ്റ്-കേരള ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ട്രേറ്റ് പ്രതിനിധികൾ, കരിയർമാസ്റ്റർമാരുടെ പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട ഒരു ഓൺലൈൻ മീറ്റിംഗ് നടത്തുകയായിരുന്നു. വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ട്രേറ്റുവഴി നൽകിയ ലിങ്കിൽ രജിസ്റ്റർ ചെയ്ത മുഴുവൻ കരിയർമാസ്റ്റർമാരെയും രണ്ടു ബാച്ചുകളായി തിരിച്ചാണ് പരിശീലനം സംഘടിപ്പിച്ചത്. ഓൺലൈൻ വർക്ക്ഷോപ്പിൽ കരിയർമാസ്റ്റർമാർ പങ്കുവെച്ച ആശങ്കകളും ആവശ്യങ്ങളും കൂടി പരിഗണിച്ച് ദുരന്തനിവാരണവും സ്കൂളുകളും, ഫെസിലിറ്റേറ്റിംഗ് ഈ-ലേർണിംഗ് ആന്റ് ഡിജിറ്റൽ പേരന്റിംഗ്, ആർട്ട് അന്റ് സയൻസ് ഓഫ് ഗൈഡിംഗ് അന്റ് മാനേജിംഗ് അഡോളസന്റ്സ്, കോവിഡ്-19-സ്കൂളുകൾക്കായുള്ള വൈറസ് പ്രോട്ടോക്കോൾ എന്നിങ്ങനെയുള്ള സെഷനുകളാണ് ദ്വിദിന പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നത്.

**8. പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫംഗങ്ങൾക്കുളള ഏകദിന ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം**

പൊതുവിദ്യാഭ്യാസ വകുപ്പിലെ നേതൃത്വ പദവിയിലുള്ള അനധ്യാപകജീവനക്കാരായ സീനിയർ സൂപ്രണ്ട്, സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്, നൂൺ മീൽ ഓഫീസർ, പി.എ. ടു ഡി.ഇ.ഒ. എന്നിവരുടെ അക്കാദമികവും ഭരണപരവുമായ കാര്യക്ഷമത കോവിഡ് പശ്ചാത്തല ത്തിൽ വർദ്ധിപ്പിക്കുന്നതിനാവശ്യമായ ആത്മവിശ്വാസം നൽകുന്നതിനാണ് ഏകദിന ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ചത്. ഓൺലൈനിൽ രജി സ്റ്റർ ചെയ്ത ജീവനക്കാരിൽ നിന്ന് 200 പേരടങ്ങുന്ന ബാച്ചുകളായി തിരിച്ചാണ് പരിശീലനം സംഘടിപ്പിച്ചത്. കോവിഡ് കാലത്തെ ഓഫീസ് നിർവഹണം, കോവിഡ് 19 ഉം വൈറസ് പ്രോട്ടോക്കോളും ഡിജിറ്റൽ മാർഗത്തിലൂടെ സത്ഭരണം എന്നിവയായിരുന്നു പരിശീലനത്തി ലുൾപ്പെടുത്തിയിരുന്ന സെഷനുകൾ.

## അദ്ധ്യായം – 7

## കോവിഡ് കാലത്തെ വേറിട്ട പ്രവർത്തനങ്ങൾ

കോവിഡ് – 19 മായി ബന്ധപ്പെട്ട പ്രതിസന്ധിയും നിയന്ത്രണങ്ങളും മൂലം 2020-21 സാമ്പത്തിക വർഷം ആരംഭത്തിൽ സാധാരണ നിലയിലുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിരുന്നില്ല. പ്രസ്തുത കാലയളവിൽ സാമ്പ്രദായിക രീതിയിലുള്ള പരിശീലന പരിപാടികളൊന്നും സംഘടിപ്പിക്കാൻ കഴിയുമായിരുന്നില്ലെങ്കിലും ഓൺലൈൻ സങ്കേതവും വർക്ക് ഫ്രം ഹോം രീതിയും അവലംബിച്ചുകൊണ്ട് കോവിഡ് കാലത്തും കാര്യക്ഷമമായും ഫലപ്രദമായും അർത്ഥവത്തായും പ്രവർത്തിക്കാൻ ടീം സീമാറ്റ്-കേരളയ്ക്ക് കഴിഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശ്രദ്ധേയമായ കോവിഡ് കാല പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.

### 1. Thought Paper on *Education in Covid Times*

കോവിഡ് കാലത്ത് സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ രംഗം അഭിമുഖീകരിക്കുന്ന/ അഭിമുഖീകരിക്കേണ്ടിവന്നേയ്ക്കാവുന്ന പ്രശ്നങ്ങൾ എന്തൊക്കെയെന്നും അവയെ എങ്ങനെ മറികടക്കാൻ കഴിയുമെന്നും പ്രായോഗികതയിൽ ഊന്നിയ അക്കാദമിക കാഴ്ചപ്പാടോടെ വിശദമായ വിലയിരുത്തൽ നടത്താൻ സീമാറ്റ്-കേരളയ്ക്ക് കഴിഞ്ഞു. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷകർത്താക്കൾ, വിദ്യാഭ്യാസ ഓഫീസർമാർ, ഭരണകർത്താക്കൾ എന്നിങ്ങനെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട ഓരോ വിഭാഗവും കോവിഡ് കാലത്ത് അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ എന്തൊക്കെയെന്ന് കണ്ടെത്തുക മാത്രമല്ല ഓരോ പ്രശ്നങ്ങൾക്കും ഒന്നിലധികം പരിഹാരമാർഗങ്ങൾ കൂടി നിർദേശിക്കാനുള്ള ശ്രമവും Thought paper - ൽ ടീം സീമാറ്റ്-കേരള നടത്തുകയുണ്ടായി. (അനുബന്ധം 1 ആയി നൽകിയിട്ടുണ്ട്)

കോവിഡ് കാല വിദ്യാഭ്യാസത്തെക്കുറിച്ച് ഗൗരവതരമായ ചിന്തകൾ ഉദ്ദീപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ Thought paper ബഹു. വിദ്യാഭ്യാസ മന്ത്രിക്കും പൊതു വിദ്യാഭ്യാസ സെക്രട്ടറിക്കും സമർപ്പിച്ചിരുന്നു. പേപ്പറിലൂടെ ഇൻസ്റ്റിറ്റ്യൂട്ട് മുന്നോട്ടുവെച്ച പല ആശയങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ കോവിഡ് കാല നയങ്ങളെയും തീരുമാനങ്ങളെയും സ്വാധീനിച്ചിട്ടുണ്ടെന്ന് അനുമാനിക്കുന്നു.

### 2. കോവിഡ് ഗൈഡും സ്കൂളുകൾക്കുവേണ്ടിയുള്ള വൈറസ് പ്രോട്ടോക്കോളും

വിദ്യാർത്ഥികളും രക്ഷിതാക്കളും അദ്ധ്യാപകരും കോവിഡ് 19 മഹാമാരിയെക്കുറിച്ച് അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളടങ്ങുന്ന കോവിഡ് ഗൈഡും കോവിഡ് കാലത്ത്/കോവിഡാനന്തര കാലത്ത് സ്കൂളുകൾ പാലിക്കേണ്ട വൈറസ് പ്രോട്ടോക്കോളും ലളിതമായ ഭാഷയിൽ വിവരിക്കുന്ന *ടിൻ ബുക്ലെറ്റിന്റെ* ഡ്രാഫ്റ്റ് ടീം സീമാറ്റ്-കേരള തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. പൊതുജനാരോഗ്യവിദഗ്ദ്ധരെക്കൊണ്ട് പ്രസ്തുത ബുക്ക്ലെറ്റ്

പരിശോധിപ്പിച്ചതിന് ശേഷം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

**3. ഓൺലൈൻ പരിശീലകർക്കായി ഒരു ഇ-ബുക്‌ലെറ്റ്**

കാലങ്ങളായി സീമാറ്റ്-കേരളയുടെ പരിശീലന പരിപാടികളിൽ റിസോഴ്‌സ് പേഴ്‌സൺമാരായി പങ്കെടുത്തുവരുന്നവരിൽ പലരും ഓൺലൈൻ സമ്പ്രദായത്തിൽ സെഷനുകൾ കൈകാര്യം ചെയ്യാൻ പ്രാപ്തരായിരുന്നില്ല. വിഷയാവഗാഹമുള്ളവരും മികച്ച പരിശീലകരുമായ ഇവരുടെ സേവനം കോവിഡ് കാലത്തും പ്രയോജനപ്പെടുത്താൻ ഓൺലൈൻ പരിശീലനത്തിന്റെ സാദ്ധ്യതകളെക്കുറിച്ചും പരിമിതികളെക്കുറിച്ചുമുള്ള സമഗ്രവിവരങ്ങൾ മനസ്സിലാക്കി കൊടുക്കേണ്ടതുണ്ട് എന്ന ലക്ഷ്യത്തോടെ ടീം സീമാറ്റ്-കേരള *"ഓൺലൈൻ അദ്ധ്യാപനവും പരിശീലനവും-സമീപനം-തന്ത്രങ്ങൾ-മുറകൾ-ചുവടുകൾ"* എന്ന പേരിൽ തയ്യാറാക്കിയ ഇ-ബുക്‌ലെറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആർ.പി. മാർക്ക് മാത്രമല്ല ഓൺലൈൻ പരിശീലകരാകാൻ ആഗ്രഹിക്കുന്ന മുഴുവൻപേർക്കും പ്രയോജനപ്രദമായ മാർഗ്ഗരേഖയാണ്. (അനുബന്ധം 2 ആയി നൽകിയിട്ടുണ്ട്)

**4. പ്രതിദിന ഓൺലൈൻ മീറ്റിംഗുകളും ചലഞ്ച് അവറും**

കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി ഹാജർ പരിമിതപ്പെടുത്തേണ്ടി വന്ന അവസരങ്ങളിൽ പോലും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും അക്കാദമിക ജോലികൾക്കും വിഘാതം വരാതെ സൂക്ഷിക്കാൻ കഴിഞ്ഞത് കാര്യക്ഷമമായ വർക്ക് ഫ്രം ഹോം സമ്പ്രദായം പ്രാവർത്തികമാക്കാൻ കഴിഞ്ഞതിനാലാണ്. ടീം സീമാറ്റ്-കേരളയുടെ വാട്ട്സാപ്പ് ഗ്രൂപ്പിൽ ഓൺലൈൻ മീറ്റിംഗിന്റെ ലിങ്ക് ലഭ്യമാക്കിക്കൊണ്ട് രാവിലെകളിലാണ് ഓൺലൈൻ മീറ്റിംഗുകൾ സംഘടിപ്പിച്ചിരുന്നത്. അടിയന്തരമായി ചെയ്തു തീർക്കേണ്ട ജോലികൾ ഏതൊക്കെയെന്ന് ഓൺലൈൻ മീറ്റിംഗിൽ ചർച്ച ചെയ്ത് തീരുമാനിക്കുകയും നിർവഹണ ചുമതല ബന്ധപ്പെട്ടവരെ ഏൽപ്പിക്കുകയും ചെയ്യും. ഇ-മെയിൽ/വാട്ട്സാപ്പ് വഴി ലഭിക്കുന്ന ഡ്രാഫ്റ്റുകൾ/ഇൻപുട്ടുകൾ താമസംവിനാ ആവശ്യമായ തിരുത്തലുകളോടെ അംഗീകരിച്ചു നൽകി തുടർനടപടികൾ സ്വീകരിക്കും.

ഓൺലൈൻ മീറ്റിംഗിന്റെ ഭാഗമായി ടീം സീമാറ്റ്-അംഗങ്ങൾ വിവിധ അക്കാദമിക്/അഡ്മിനിസ്ട്രേറ്റീവ് വിഷയങ്ങളെ അധികരിച്ച് ഓൺലൈൻ പ്രസന്റേഷൻ നടത്തുന്ന *ചലഞ്ച് അവർ പ്രോഗ്രാമിനും* തുടക്കം കുറിച്ചിരുന്നു. സീമാറ്റ്-കേരളയുടെ അക്കാദമിക്/അഡ്മിനിസട്രേറ്റീവ് ചുമതലക്കാരെ വിവിധ വിഷയങ്ങളിൽ ഓൺലൈൻ ക്ലാസുകൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുകയായിരുന്നു ലക്ഷ്യം. നിലവിൽ ലഭ്യമായ വിവിധ ഓൺലൈൻ ആപ്ലിക്കേഷനുകളുടെ സാദ്ധ്യതകളും പരിമിതികളും പരീക്ഷിച്ചറിയുകയും ലക്ഷ്യമായിരുന്നു.

താഴെപ്പറയുന്ന 11 വിഷയങ്ങളെ അധികരിച്ച് ചലഞ്ച് അവർ പ്രസന്റേഷനുകൾ ഓൺലൈനായി സംഘടിപ്പിച്ചു.

- School Leadership Academy-Kerala (SLAK)
- School Management Data Base – A Tottochan Thought
- Educational Management – Pedagogical Approach
- Virtual Learning Environment : Advantages and Disadvantages
- SIEMAT-Kerala – Financial Matters, Purchase Procedure etc.
- SIEMAT-Kerala – An Overview from Statutory Perspective
- Communication – Formal and Informal
- Creativity, Innovation & Lateral Thinking
- Building and Leading Teams
- Education As Human Right
- Life Skills

### 5. സീമാറ്റ്-കേരളയുടെ കഴിഞ്ഞ 4 വർഷങ്ങൾ

സീമാറ്റ്-കേരളയുടെ കഴിഞ്ഞ 4 വർഷത്തെ അക്കാദമിക പ്രവർത്തനങ്ങളുടെ സംഗ്രഹം തയ്യാറാക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്. ഇംഗ്ലീഷ് ഭാഷയിൽ തയ്യാറാക്കുന്ന സംഗ്രഹം NIEPA, രാജ്യത്തെ മറ്റ് SIEMAT കൾ തുടങ്ങിയ അക്കാദമിക് ഏജൻസികൾക്ക് അയച്ചുകൊടുക്കാനാണ് ഉദ്ദേശിക്കുന്നത്.

## <u>ലോക്ക്ഡൗൺ കാലത്തെ ഹാജർനിരക്കും പ്രവർത്തനവും</u>

അനുവദിക്കപ്പെട്ട തസ്തികകളോ സ്ഥിരം ജീവനക്കാരോ ഇല്ലാത്ത സ്ഥാപനമാണ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ്-കേരള (സീമാറ്റ്-കേരള). ഡയറക്ടറും, ഇൻസ്റ്റിറ്റ്യൂട്ടിലെ വിവിധ ചുമതലകൾ നിർവ്വഹിക്കാൻ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ടിട്ടുള്ള 22 പേരുമാണ് സീമാറ്റ്-കേരളയിൽ ഇപ്പോൾ ജോലി ചെയ്ത് വരുന്നത്.

23/03/2020 മുതൽ ലോക്ക്ഡൗൺ ആരംഭിച്ചിരുന്നെങ്കിലും വ്യക്തമായ നിർദ്ദേശം ലഭിക്കാതിരുന്നതിനാൽ 2020 മാർച്ച് 23, 24 തീയതികളിൽ കഴിയുന്നത്ര ജീവനക്കാർ ഓഫീസിൽ ഹാജരാകാൻ ആവശ്യപ്പെട്ടിരുന്നു. 23/03/2020 ൽ 12 പേരും 24/03/2020 ൽ 6 പേരും ജോലിക്ക് ഹാജരായിരുന്നു. എന്നാൽ 25/03/2020 മുതൽ 23/04/2020 വരെ നാമമാത്രമായ ജീവനക്കാരെ മാത്രം അടിയന്തിരസ്വഭാവമുള്ള ജോലികൾക്ക് നിയോഗിച്ചുകൊണ്ടായിരുന്നു ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടു പോയിരുന്നത്. മറ്റ് ജീവനക്കാർക്ക് വർക്ക് ഫ്രം ഹോം സമ്പ്രദായത്തിൽ ചുമതലകൾ നിർവ്വഹിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

ക്ലാസ് എ, ബി വിഭാഗങ്ങളിൽപ്പെടുന്ന 50% ജീവനക്കാരെയും ക്ലാസ് സി, ഡി വിഭാഗത്തിൽപ്പെടുന്ന 33% ജീവനക്കാരെയും ഓഫീസുകളിലെത്തി കർത്തവ്യനിർവഹണത്തിൽ ഏർപ്പെടാൻ അനുവദിച്ചുകൊണ്ട് സർക്കാർ ഓഫീസുകൾ പ്രവർത്തിപ്പിക്കാനുള്ള അനുമതി ലഭിച്ചതിനെ തുടർന്ന് 24/04/2020 മുതൽ പ്രസ്തുത രീതിയിൽ സീമാറ്റ്-കേരളയുടെ പ്രവർത്തനം പുനഃക്രമീകരിച്ചു.

ഡയറക്ടർക്ക് പുറമേ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെയും അക്കൗണ്ട്സ് ഓഫീസറുടെയും ചുമതലകൾ നിർവഹിക്കാൻ നിയോഗിക്കപ്പെട്ടവരെ ക്ലാസ് 'എ' ജീവനക്കാരായും അക്കാദമിക് കോ-ഓർഡിനേറ്റർ, റിസർച്ച് ഓഫീസർ, സീനിയർ സൂപ്രണ്ട്, ഡയറക്ടറുടെ പി.എ. എന്നീ ചുമതലകൾ നിർവഹിക്കാൻ നിയോഗിക്കപ്പെട്ടവരെ ക്ലാസ് 'ബി' ജീവനക്കാരായുമാണ് ഇതിനായി ഗണിച്ചത്. സൂപ്രണ്ട്, ക്ലാർക്ക്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ ചുമതലകൾക്ക് നിയോഗിക്കപ്പെട്ടവരെ ക്ലാസ് 'സി' യായും പ്യൂൺ, സ്വീപ്പർ ജോലിയ്ക്കായി നിയോഗിക്കപ്പെട്ടവരെ ക്ലാസ് 'ഡി' യായുമാണ് കണക്കാക്കിയത്.

പ്രതിദിനം ക്ലാസ് എ, ബി വിഭാഗങ്ങളിൽപ്പെട്ട 50% പേരുടെയും സി, ഡി വിഭാഗങ്ങളിൽപ്പെടുന്ന 33% പേരുടെയും ഹാജർ നിജപ്പെടുത്തിയിരുന്നത് താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ കൂടി അടിസ്ഥാനത്തിലായിരുന്നു.

- അതാതു ദിവസങ്ങളിൽ അടിയന്തര പ്രാധാന്യത്തോടെ ചെയ്യേണ്ട ജോലികൾ എന്തൊക്കെ, പ്രസ്തുത ജോലികൾ നിർവഹിക്കാൻ ചുമതലയുള്ളവർ/ നൈപുണ്യമുള്ളവർ ആരൊക്കെ.
- ജീവനക്കാരുടെ വീടും/താമസ സ്ഥലവും ഓഫീസുമായുള്ള ദൂരം എത്ര. ഏതൊക്കെ ജീവനക്കാർക്ക് സ്വകാര്യ വാഹനങ്ങളിൽ ഓഫീസിൽ വന്ന് പോകാൻ കഴിയും.
- കോവിഡ് വ്യാപനവുമായി ബന്ധപ്പെട്ട് നിശ്ചയിക്കപ്പെട്ടിട്ടുള്ള ഹോട്ട് സ്പോട്ടുകൾ ഏതൊക്കെ. ഹോട്ട് സ്പോട്ടുകളോടുള്ള ജീവനക്കാരുടെ സാമീപ്യം.
- ജീവനക്കാരുടെ പ്രായം, പൊതു ആരോഗ്യസ്ഥിതി

മേൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 24/04/2020 മുതൽ 17/05/2020 വരെയുള്ള ലോക്ക്ഡൗൺ കാലത്തെ എല്ലാ പ്രവർത്തി ദിവസങ്ങളിലും സർക്കാർ നിർദ്ദേശിച്ച ഫോർമുല പ്രകാരം പ്രതിദിനം ക്ലാസ് എ, ബി വിഭാഗങ്ങളിൽപ്പെട്ട 50% പേരുടെയും സി, ഡി വിഭാഗങ്ങളിൽപ്പെടുന്ന 33% പേരുടെയും ഹാജർ നിരക്ക് ഉറപ്പാക്കാൻ സീമാറ്റ്-കേരളയ്ക്ക് കഴിഞ്ഞിരുന്നു. 2020 മെയ് 17 ന് ശേഷം ലോക്ക്ഡൗണിൽ കൂടുതൽ ഇളവുകൾ നിലവിൽ വന്നു. തുടർന്ന് എല്ലാ വിഭാഗത്തിലെയും 50% ജീവനക്കാർ ഓഫീസിൽ പ്രതിദിനം ഹാജരാകണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ആയതിനാൽ മേൽ മാനദണ്ഡങ്ങൾക്ക് അനുസൃതമായി, പ്രതിദിന ഹാജർ നിരക്ക് 50% മാക്കി സീമാറ്റ്-കേരള പ്രവർത്തിക്കാൻ ആരംഭിച്ചു. ഓരോ ദിവസവും ജോലിക്ക് ഹാജരാകേണ്ട ജീവനക്കാർ ആരൊക്കെയെന്നത് സീമാറ്റ്-കേരളയുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ തലേദിവസമേ അറിയിക്കുകയായിരുന്നു ചെയ്തിരുന്നത്. ജൂൺ 8 മുതൽ, സർക്കാർ നിർദേശ പ്രകാരം ഹാജർ നിരക്ക് 100% മാക്കി ഉയർത്തുകയും ചെയ്തു.

## പ്രവർത്തനം

ലോക്ക്ഡൗണിന്റെ ആദ്യ ആഴ്ചകളിൽ പേയ്മെന്റ്, റെമിറ്റൻസ്, ട്രഷറിയും ബാങ്കുമായി ബന്ധപ്പെട്ട അടിയന്തര പ്രവർത്തനങ്ങൾ എന്നിവയക്കാണ് പ്രാധാന്യം നൽകിയിരുന്നത്. പുതിയ സാമ്പത്തിക വർഷത്തേയ്ക്ക് ഫണ്ട് വാങ്ങിയെടുക്കുന്നതിനുള്ള പ്രപ്പോസലുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിനും ഈ കാലത്ത് കഴിഞ്ഞു. യഥാസമയം 2020 മാർച്ച് മാസത്തെ ശമ്പളം വിതരണം ചെയ്യുകയും, ശമ്പളവുമായി ബന്ധപ്പെട്ട റെമിറ്റൻസുകൾ (പി.എഫ്., ഇ.പി.എഫ്., ഇ.എസ്.ഐ., തുടങ്ങിയവ) നടത്തുകയും ചെയ്തു.

2020 ഏപ്രിൽ ആദ്യവാരത്തോടെ *വർക്ക് ഫ്രം ഹോം* എന്ന ആശയത്തിന് നിയത രൂപം കൈവന്നു. ***കോവിഡ് കാലത്തെ പൊതുവിദ്യാഭ്യാസം*** എന്ന ബൃഹത് വിഷയത്തെ ആസ്പദമാക്കിയുള്ള ചർച്ചകളും വിശകലനങ്ങളുമായിരുന്നു ആദ്യഘട്ടത്തിൽ നടന്നത്. ഏപ്രിൽ ആദ്യവാരത്തോടെ പൊതുചർച്ചയിൽനിന്ന് ശ്രദ്ധ ആശയരൂപീകരണത്തിലേയ്ക്കും പ്രോജക്ട് തയ്യാറാക്കലിലേയ്ക്കും തിരിഞ്ഞു. അക്കാദമിക് കോ-ഓർഡിനേറ്ററും റിസർച്ച് ഓഫീസർമാരും അടങ്ങുന്ന അക്കാദമിക് വിഭാഗം ഡയറക്ടറുടെയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെയും നേതൃത്വത്തിൽ നടത്തിയ നിരന്തര ചർച്ചകളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തനങ്ങൾ മുന്നോട്ട് പോയത്.

സാങ്കേതികാർത്ഥത്തിൽ സീമാറ്റ്-കേരളയുടെ മാൻഡേറ്റിൽ ഉൾപ്പെടുന്ന കാര്യങ്ങളല്ലെങ്കിലും താഴെപ്പറയുന്ന ഇ-ബുക്കുകൾ തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിച്ചുവരുന്നു.

- E-book – Covid Gudie cum Virus Protocol for Schools (നക്കൽ തയ്യാറാക്കി കഴിഞ്ഞു)
- E-book – Thriving Skills (നക്കൽ തയ്യാറാക്കി കഴിഞ്ഞു.)

# അദ്ധ്യായം – 8
# അക്കാദമിക ജേർണലും ഗവേഷണവും

## അക്കാദമിക ജേർണൽ

അക്കാദമിക ജേർണൽ പ്രസിദ്ധീകരിക്കാനുള്ള സീമാറ്റ്-കേരളയുടെ ശ്രമം അന്തിമഘട്ടത്തിലാണ്. ജേർണലിന്റെ Editorial Executive Committee രൂപീകരിക്കുകയും ജേർണൽ എങ്ങനെ പുറത്തിറക്കാം എന്നതിന്റെ സാധ്യതകൾ പരിശോധിക്കുകയും ചെയ്തിരുന്നു. ആദ്യ യോഗത്തിൽ ജേർണലിന്റെ ഉള്ളടക്കം, തലക്കെട്ട്, രജിസ്ട്രേഷൻ മുതലായവയെക്കുറിച്ച് വിശദമായ ചർച്ച നടന്നു. 5 പ്രധാന ടൈറ്റിലുകളെങ്കിലും RNI യ്ക്ക് രജിസ്ട്രേഷനായി സമർപ്പിക്കാമെന്ന് തീരുമാനിച്ചതിന്റെ ഭാഗമായി "Edument – Journal of Educational Planning and Management", "Edumanage – Journal of Educational Planning and Management", "Educere – Journal of Educational Managment", "Edulead – SIEMAT-Kerala a Journal of Educational Planning and Management", "Eduplan – Journal of Educational Planning and Management" എന്നീ ടൈറ്റിലുകൾ RNI യ്ക്ക് സമർപ്പിച്ചതിനെ തുടർന്ന് Edulead – SIEMAT-Kerala a Journal of Educational Planning and Management എന്ന ടൈറ്റിൽ രജിസ്റ്റർ ചെയ്ത് അറിയിപ്പും ലഭിച്ചുകഴിഞ്ഞു.

ജേർണലിന്റെ ആദ്യ ലക്കത്തിൽ പ്രസിദ്ധീകരിക്കാൻ ആവശ്യമായ ലേഖനങ്ങൾ ശേഖരിച്ച് പരിശോധിക്കുന്ന പ്രവർത്തനമാണ് ഇപ്പോൾ നടന്നുവരുന്നത്. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട തുടർനടപടികൾ പൂർത്തിയാക്കിക്കൊണ്ട് 2020-21 ൽ തന്നെ ജേർണലിന്റെ ആദ്യ ലക്കം പ്രസിദ്ധീകരിക്കാനാണ് ശ്രമിക്കുന്നത്.

## കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതികളുടെ ഫലപ്രാപ്തി പഠനം – റിസർച്ച് പ്രോജക്ട്

കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതികളുടെ ഫലപ്രാപ്തി പഠനത്തിനോടനുബന്ധിച്ചുള്ള ആദ്യ വർക്ക്ഷോപ്പ് 2019 സെപ്തംബർ 4-ാം തീയതി സീമാറ്റ്-കേരളയിൽ വച്ച് നടന്നു. ഈ വർക്ക്ഷോപ്പിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ക്ലാസ് മോണിറ്ററിംഗ് എന്ന മേഖലയിൽ പഠനം നടത്തുവാനും, 'A Study on Effectiveness of Academic Prorammes under Centrally Sponsored Schemes in the Schools of Kerala with Special Reference to Class Monitoring' എന്നത് തലക്കെട്ട് ആക്കുവാനും തീരുമാനിച്ചു.

എന്നാൽ പിന്നീട് നടന്ന പ്ലാനിംഗ് വർക്ഷോപ്പ്, റിസർച്ച് പ്രോജക്ടിന്റെ മേഖല ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ആക്കി മാറ്റണമെന്നാണ് തീരുമാനിച്ചത്. ഈ മേഖലയിൽ മറ്റ് ഗവേഷണങ്ങൾ ഒന്നുംതന്നെ നടന്നിട്ടില്ല എന്നതായിരുന്നു ഇത്തരമൊരു മേഖലാമാറ്റം

ശിപാർശ ചെയ്യപ്പെടാനുള്ള കാരണം. തുടർന്ന്, 'An Assesment Study on the Distribution, Usage and Effectiveness/Impact of Assistive Equipments Provided to Differently Abled Students through Centrally Sponsored Schemes – Samagra Shiksha Kerala' എന്ന തലക്കെട്ടിൽ പഠനം നടത്തുവാൻ തീരുമാനിച്ചു. 2019 ഡിസംബർ 23-ാം തീയതി നടന്ന വർക്ക്ഷോപ്പിലാണ് മുൻപ് പറഞ്ഞ തീരുമാനങ്ങൾ കൈക്കൊള്ളപ്പെട്ടത്.

പിന്നീട് രണ്ടുദിവസത്തെ പ്ലാനിംഗ് വർക്ക്ഷോപ്പ് 2020 ജനുവരി 16,17 തീയതികളിൽ സീമാറ്റ്-കേരളയിൽ വച്ച് നടക്കുകയും, വിവര ശേഖരത്തിനുവേണ്ടിയുള്ള ചോദ്യാവലി, ഇന്റർവ്യൂ ഷെഡ്യൂൾ തുടങ്ങിയവ തയ്യാറാക്കുകയും ചെയ്തു.

2020 ജനുവരി 29-ാം തീയതി ചേർന്ന വർക്ക്ഷോപ്പ് തയ്യാറാക്കിയ ടൂളുകൾ അന്തിമരൂപത്തിലാക്കി. സ്ഥാപന മേധാവി, അധ്യാപകർ, കുട്ടികൾ എന്നിവരിൽ നിന്നുമാണ് വിവരങ്ങൾ ശേഖരിക്കുന്നത്. വിവരശേഖരണത്തിനായി കേരള യൂണിവേഴ്സിറ്റിയിലെ വിവിധ വകുപ്പുകളിൽനിന്നും, ടീച്ചർ എഡ്യൂക്കേഷൻ സ്ഥാപനങ്ങളിൽ നിന്നും ഗവേഷണ തൽപരരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുവാൻ വേണ്ടി അപേക്ഷ ക്ഷണിച്ചു. തത്പരരായ നിരവധി വിദ്യാർത്ഥികളിൽ നിന്ന് ഇതിനായി അപേക്ഷകൾ ലഭിച്ചുവെങ്കിലും കോവിഡ് സാഹചര്യത്തിൽ പ്രവർത്തനങ്ങൾ കൂടുതൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചില്ല.

# അദ്ധ്യായം – 9
# പരിപാടികൾ ഒറ്റനോട്ടത്തിൽ

| 2020-21 സാമ്പത്തികവർഷത്തെ പരിപാടികൾ | | | |
|---|---|---|---|
| ക്രമ നം. | പ്രോഗ്രാമിന്റെ പേര് | സ്ഥലം, തീയതി | ചെലവ് (രൂപ) |
| 1 | സീമാറ്റ്-കേരളയുടെ വിവിധ പരിശീലന പരിപാടികൾ എസ്.ഐ.ഇ.റ്റി. യുടെ ഇ-പ്ലാറ്റ്ഫോമിലൂടെ നൽകുന്നതിന്റെ സാധ്യത പരിശോധിക്കുവാൻ വേണ്ടി സീമാറ്റ്-കേരള ഓഫീസിൽ വച്ച് നടന്ന മീറ്റിംഗ് | കോൺഫറൻസ് ഹാൾ സീമാറ്റ്-കേരള 2020 മെയ് 18 | 1,000/- |
| 2 | സീമാറ്റ്-കേരളയുടെ വിവിധ പരിശീലന പരിപാടികൾ എസ്.ഐ.ഇ.റ്റി. (SIET) യുടെ ഇ-പ്ലാറ്റ്ഫോമിലൂടെ നൽകുന്നതിന്റെ സാധ്യത പരിശോധിക്കുവാൻ വേണ്ടി സീമാറ്റ്-കേരള ഓഫീസിൽ വച്ച് നടന്ന മീറ്റിംഗ് | കോൺഫറൻസ് ഹാൾ സീമാറ്റ്-കേരള 2020 ജൂൺ 5 | 2,000/- |
| 3 | സീമാറ്റ്-കേരള ആർ.പി. പൂളിലുള്ള വിദഗ്ദ്ധർക്ക് വേണ്ടി സംഘടിപ്പിച്ച ഏകദിന ഓറിയന്റേഷൻ പ്രോഗ്രാം | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2020 ജൂൺ 18 | 6,000/- |
| 4 | ജില്ലാ വിദ്യഭ്യാസ ഓഫീസർമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2020 ഓഗസ്റ്റ് 20,21 | 9,630/- |
| 5 | ഉപജില്ലാ വിദ്യഭ്യാസ ഓഫീസർമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2020 ഒക്ടോബർ 5,6 | 17,957/- |
| 6 | എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് – 1) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 ജനുവരി 12,13 | 18,907/- |
| 7 | എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് -2) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 ജനുവരി 13,14 | 17,278/- |
| 8 | എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് -3) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 ജനുവരി 14,15 | 17,153/- |
| 9 | എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് – 4) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 ജനുവരി 20,21 | 21,382/- |

| | | | |
|---|---|---|---|
| 10 | എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 5) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 ജനുവരി 21,22 | 22,189/- |
| 11 | ഹൈസ്കൂൾ പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 1) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 ജനുവരി 29,30 | 17,950/- |
| 12 | ഹൈസ്കൂൾ പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 2) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 ഫെബ്രുവരി 4,5 | 18,044/- |
| 13 | ഹൈസ്കൂൾ പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 3) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 ഫെബ്രുവരി 5,6 | 17,003/- |
| 14 | ഹൈസ്കൂൾ പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 4) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 ഫെബ്രുവരി 10,11 | 17,803/- |
| 15 | ഹൈസ്കൂൾ പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 5) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 ഫെബ്രുവരി 11,12 | 17,013/- |
| 16 | പൊതു വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ സ്റ്റാഫംഗങ്ങൾക്കുള്ള ഏകദിന ഓൺലൈൻ ഓറിയന്റേഷൻ പ്രോഗ്രാം (ബാച്ച് 1) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 മാർച്ച് 16 | 13,972/- |
| 17 | വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം കരിയർ മാസ്റ്റർമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 1) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 ഫെബ്രുവരി 25,26 | 21,000/- |
| 18 | വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം കരിയർ മാസ്റ്റർമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 2) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 ഫെബ്രുവരി 26,27 | 14,386/- |
| **ആകെ** | | | **2,70,667/-** |
| 19 | ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 1) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2020 നവബർ 5,6 | 17,120/-* |
| 20 | ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 2) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2020 നവംബർ 12,13 | 18,587/-* |

* ഹയർസെക്കന്ററി വകുപ്പിൽ നിന്നും 2019-20 സാമ്പത്തിക വർഷം ലഭിച്ച 20 ലക്ഷം രൂപയിൽ ബാക്കിവന്ന തുക ഉപയോഗിച്ചാണ് 2020-21 സാമ്പത്തിക വർഷം ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള പരിശീലനം നടത്തിയത്.

| 2005 – 21 കാലയളവിലെ പ്രോഗ്രാം സംഗ്രഹം | | |
|---|---|---|
| **വർഷം** | **പ്രോഗ്രാമുകളുടെ എണ്ണം** | **പരിശീലനാർഥികൾ** |
| 2005-06 | 3 | 70 |
| 2006-07 | 12 | 219 |
| 2007-08 | 67 | 827 |
| 2008-09 | 191 | 6524 |
| 2009-10 | 424 | 13456 |
| 2010-11 | 244 | 9656 |
| 2011-12 | 171 | 6243 |
| 2012-13 | 199 | 5577 |
| 2013-14 | 206 | 7455 |
| 2014-15 | 194 | 6192 |
| 2015-16 | 173 | 4897 |
| 2016-17 | 118 | 5370 |
| 2017-18 | 84 | 12224 |
| 2018-19 | 80 | 2693 |
| 2019-20 | 86 | 2606 |
| 2020-21 | 20 | 3098 |
| **Total** | **2272** | **87107** |

# അദ്ധ്യായം – 10
# 2020–21 ലെ വരവ് ചെലവ് കണക്കുകൾ

| | | |
|---|---|---|
| ബഡ്ജറ്റ് വിഹിതം (പ്ലാൻ ഫണ്ട്) | - | 350 ലക്ഷം രൂപ |
| അനുവദിച്ച തുക | - | 120 ലക്ഷം രൂപ |

**<u>എക്സ്പന്റീച്ചർ</u>**

| | | |
|---|---|---|
| പ്രോഗ്രാം & ആക്ടിവിറ്റീസ് | - | 2,70,667/- രൂപ |
| എസ്റ്റാബ്ലിഷ്മെന്റ് (സാലറി & ഓഫീസ് എക്സ്പെൻസ്) | - | 88,86,627/- രൂപ |
| **ആകെ** | - | **91,57,294/-* രൂപ** |

***സീമാറ്റ്-കേരളയുടെ PSTSB അക്കൗണ്ടിൽ 2021 മാർച്ച് അവസാനം ഉണ്ടായിരുന്ന 28,42,706/- രൂപയിൽ നിന്ന് 18,29,161/- രൂപ സർക്കാർ തിരിച്ചെടുക്കുകയും 10,13,545/- രൂപ 2021 ഏപ്രിൽ മാസത്തിൽ ജീവനക്കാർക്ക് അനുവദിച്ച് നൽകേണ്ട മാർച്ച് മാസത്തെ ശമ്പളത്തിനും എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻസിനുമായി അനുവദിക്കുകയുമാണ് ഉണ്ടായത്.

## അദ്ധ്യായം - 11

## സ്കൂൾ ലീഡർഷിപ്പ് അക്കാദമി - കേരള (SLA-K)

സംസ്ഥാനത്തെ സ്കൂൾവിദ്യാഭ്യാസം അഭൂതപൂർവമായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ പൊതുവിദ്യാലങ്ങളുടെ മുഖഛായ മാറ്റാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അക്കാദമികരംഗത്തും അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിലും മുന്നേറ്റം സൃഷ്ടിക്കാൻ നമുക്കു കഴിഞ്ഞു. ഇതുവരെ കൈവരിച്ച നേട്ടങ്ങളെ നിലനിറുത്തിക്കൊണ്ട് ഇനിയും ഏറെ മുന്നോട്ടു പോകേണ്ട മേഖലകൾ ഉണ്ട്. ശക്തമായ സ്കൂൾ നേതൃത്വം അനിവാര്യമായിത്തീരുന്നത് ഇവിടെയാണ്. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായ തുല്യതയിൽ ഊന്നിയ സ്കൂൾ പ്രാപ്യത, ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനുള്ള അവകാശം, ആനന്ദകരമായ പഠനാന്തരീക്ഷത്തിനുള്ള അവകാശം തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ, ഫലപ്രദവും ശാസ്ത്രീയവുമായ സ്കൂൾ ലീഡർഷിപ്പ് കൂടുതൽ പ്രസക്തമായിത്തീരുന്നു. പരിമിതമായ വിഭവങ്ങൾ കൊണ്ട് പ്രയാസകരമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കേണ്ടിവരുകയും രക്ഷകർത്താക്കളുടെയും സമൂഹത്തിന്റെയും വർദ്ധിച്ച അഭിലാഷങ്ങളെ തൃപ്തിപ്പെടുത്തേണ്ടിവരുകയും ചെയ്യുന്ന സാഹചര്യത്തിൽ വിദ്യാലയനേതൃത്വം നൂതനമായ പ്രവർത്തനപന്ഥാവുകൾ തേടേണ്ടിവരുന്നു. ഇത്തരമൊരു പശ്ചാത്തലത്തിൽ ഗവേഷണാത്മകമായി പ്രശ്നപരിഹാരങ്ങൾ തേടുന്ന സംവിധാനങ്ങളും പ്രക്രിയയും അടങ്ങിയ നേതൃത്വപരിശീലനസംവിധാനം കൊണ്ട് അധ്യാപകരെയും സ്കൂൾ നേതൃത്വത്തെയും വിദ്യാർത്ഥികളെയും മറ്റ് നേതൃഘടകങ്ങളെയും സമ്പുഷ്ടമാക്കേണ്ടിയിരിക്കുന്നു.

ദേശീയതലത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ പ്ലാനിങ് ആന്റ് അഡ്മിനിസ്ട്രേഷന്റെ (NIEPA) ഭാഗമായി നാഷണൽ സെന്റർ ഫോർ സ്കൂൾ ലീഡർഷിപ്പ് (NCSL) ന് രൂപം നൽകിയിട്ടുണ്ട്. ഇതിനു സമാനമായി സംസ്ഥാനതലത്തിൽ സീമാറ്റ്-കേരളയുടെ ഭാഗമായാണ് സ്കൂൾ ലീഡർഷിപ്പ് അക്കാദമി-കേരള (SLA-K) രൂപീകരിച്ചിരിക്കുന്നത്.

**ഉദ്ദേശ്യങ്ങൾ**

- ശാരീരികവും മാനസികവും സാമൂഹികവുമായ വ്യത്യസ്തതകളുള്ള സംസ്ഥാനത്തെ എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ളതും അനുയോജ്യവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി സ്കൂൾ അന്തരീക്ഷത്തിലും അക്കാദമിക പ്രവർത്തനങ്ങളിലും സാമൂഹിക വ്യവഹാരങ്ങളിലും ഫലപ്രദമായി ഇടപെടാൻ കഴിയുന്ന സ്കൂൾ നേതൃനിര വികസിപ്പിക്കുക.
- സാമൂഹികവും ഭൂമിശാസ്ത്രപരവുമായ സവിശേഷതകൾ കണക്കിലെടുത്ത് വൈവിധ്യമുള്ള നൈപുണികൾ സ്കൂൾ നേതൃത്വത്തിൽ വികസിപ്പിക്കുക.

- പഴക്കമുള്ളതും സമഗ്രവുമായ നേതൃത്വപരിശീലനം മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തന പദ്ധതി വികസിപ്പിക്കുക.
- ആകസ്മികമോ സവിശേഷമോ ആയ സന്ദർഭങ്ങളിൽ ഫലപ്രദമായ ഇടപെടൽ നടത്തുന്നതിന് സ്കൂൾ നേതൃത്വത്തെ സജ്ജമാക്കുന്ന മാർഗനിർദ്ദേശങ്ങൾ വികസിപ്പിക്കുക.
- സ്കൂൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവരിൽ പ്രായോഗികാനുഭവങ്ങളിലൂടെ കരുത്തുറ്റതും ഗവേഷണാത്മകവുമായ ഭരണനിർവഹണത്തിനു വേണ്ട കാഴ്ചപ്പാട് വികസിപ്പിക്കുക.
- സ്കൂളിനുള്ളിൽ പ്രവർത്തിക്കുന്ന വിവിധ നേതൃത്വങ്ങൾക്ക് (SMC, SMDC, CPTA, PTA, MPTA, SRG) സ്കൂളിന്റെ ഗുണനിവാരം ഉയർത്തുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുന്നതിനു വേണ്ട പരിശീലനം നൽകുക.
- പഠന-ബോധന പ്രവർത്തനങ്ങളുടെ ആസൂത്രണവും മോണിറ്ററിംഗും സമൂഹബന്ധ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവഹണവും അധ്യാപകരുടെ നൈപുണിവികാസം വിദ്യാർത്ഥികളുടെ വ്യക്തിത്വ വികാസം തുടങ്ങിയവ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിന് സ്കൂൾ നേതൃത്വത്തെ ശക്തിപ്പെടുത്തുക.
- സ്കൂൾ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ ഏകോപനം സാധ്യമാകുന്ന വിധത്തിൽ കാര്യക്ഷമമായ ഒരു നേതൃനിര വികസിപ്പിച്ചുകൊണ്ട് വിദ്യാലയപരിവർത്തനം സാധ്യമാക്കുക.
- സ്കൂൾ നേതൃത്വവുമായി ബന്ധപ്പെട്ട് വ്യത്യസ്ത മേഖലകളിലെ അനുഭവപാഠങ്ങൾ പങ്കുവയ്ക്കുകയും വിലയിരുത്തുകയും ചെയ്യുക.
- ദേശീയ-അന്തർദേശീയ ഏജൻസികളുമായി സഹകരിച്ച് നേതൃത്വപരിശീലനങ്ങൾ സംഘടിപ്പിക്കുകയും നേതൃത്വമാതൃകകൾ പങ്കുവയ്ക്കുകയും ചെയ്യുക.
- വിദ്യാഭ്യാസ നേതൃത്വവുമായി ബന്ധപ്പെട്ട് ചിട്ടയായ പഠന-ഗവേഷണ സംവിധാനക്രമം രൂപപ്പെടുത്തുക.
- സ്കൂൾ വിദ്യാഭ്യാസ നേതൃത്വവുമായി ബന്ധപ്പെട്ട വ്യത്യസ്ത മാതൃകകൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയും പങ്കുവയ്ക്കുകയും ചെയ്യുന്നതിന് സുസജ്ജമായ ഒരു കേന്ദ്രം രൂപപ്പെടുത്തുക.
- നേതൃത്വപരമായ നൂതനമാതൃകകളും ആശയങ്ങളും വികസിപ്പിച്ച് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും ഫലപ്രാപ്തി വിലയിരുത്തി മികവാർന്ന മാതൃകകൾ വ്യാപിപ്പിക്കുകയും ചെയ്യുക.

- നേതൃത്വപരമായ അനുഭവങ്ങളുടെ വെളിച്ചത്തിൽ സ്കൂൾ പാഠ്യപദ്ധതി ശക്തിപ്പെടുത്തുന്നതിനു സഹായകമായ നിർദേശങ്ങൾ രൂപപ്പെടുത്തി ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുക.
- നേതൃത്വ അനുഭവങ്ങളുടെ വെളിച്ചത്തിൽ സ്കൂൾ ഭരണവുമായി ബന്ധപ്പെട്ട നയങ്ങൾ, ചട്ടങ്ങൾ, നടപടിക്രമങ്ങൾ തുടങ്ങിയവയിൽ മെച്ചപ്പെടുത്തലുകൾ വരുത്തുന്നതിനു സഹായകമായ ശുപാർശകൾ വികസിപ്പിക്കുക.
- നേതൃത്വ മികവിലൂടെ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന വിദ്യാലയങ്ങൾക്കും വിദ്യാഭ്യാസഘടകങ്ങൾക്കും (ബി.ആർ.സി., എ.ഇ.ഒ., ഡി.ഇ.ഒ. തുടങ്ങിയവ) പ്രോത്സാഹനവും പിന്തുണയും നൽകുക.

**ചുമതലകൾ :**

**1. പരിശീലനപരിപാടികളുടെ സംഘാടനം**

- പ്രഥമാധ്യാപകർ, വിദ്യാഭ്യാസ ഓഫീസർമാർ, അധ്യാപകർ, വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ, പി.ടി.എ, എസ്.എം.സി, എസ്.എം.ഡി.സി, എം.പി.ടി.എ അംഗങ്ങൾ എന്നിവർക്ക് ആവശ്യമായ ഹ്രസ്വകാല-ദീർഘകാല നേതൃത്വപരിശീലനം ആസൂത്രണം ചെയ്യുക
- വിവിധ വിഭാഗങ്ങൾക്ക് (പ്രൈമറി, അപ്പർ പ്രൈമറി, സെക്കന്ററി, ഹയർസെക്കന്ററി) അനുയോജ്യമായ ആവശ്യാധിഷ്ഠിത പരിശീലന രൂപരേഖകളും വിവിധ മേഖലകൾക്ക് അനുയോജ്യമായ (തീരദേശം, ആദിവാസിമേഖല, പിന്നോക്ക നഗരമേഖല, ഗ്രാമീണമേഖല തുടങ്ങിയവ) പ്രശ്നാധിഷ്ഠിത പരിശീലന രൂപരേഖകളും വികസിപ്പിച്ച് നടപ്പിലാക്കുക.
- പരിശീലനസന്ദർഭങ്ങൾ പ്രതിഫലനാത്മകവും അനുഭവാധിഷ്ഠിതവും ആകുന്നതിന് നേർസാക്ഷ്യങ്ങൾ, തെളിവുകൾ, ദൃശ്യങ്ങൾ, പഠനറിപ്പോർട്ടുകൾ തുടങ്ങിയവ ശേഖരിക്കുകയും അനുരൂപീകരണം നടത്തി പ്രയോജനപ്പെടുത്തുകയും ചെയ്യുക
- സംസ്ഥാനത്തിന്റെ പൊതുലക്ഷ്യങ്ങളും പ്രാദേശികമായ സവിശേഷ ആവശ്യങ്ങളും സ്കൂൾ യാഥാർത്ഥ്യങ്ങളും പ്രതിഫലിക്കുന്ന വിധത്തിലാണ് പരിശീലന രൂപരേഖ വികസിപ്പിക്കേണ്ടത്

**2. ഗവേഷണം**

- എല്ലാ പരിശീലനങ്ങളുടെയും ഫലപ്രാപ്തി ഉചിതമായ തന്ത്രങ്ങൾ ഉപയോഗിച്ച് നടത്തേണ്ടതുണ്ട്
- സ്കൂൾ ലീഡർഷിപ്പുമായി ബന്ധപ്പെട്ട അവസ്ഥാപഠനങ്ങൾ സംഘടിപ്പിച്ച് പരിഹാര പ്രവർത്തനങ്ങൾ നിർദേശിക്കേണ്ടതുണ്ട്

- പരിശീലനങ്ങൾ വ്യാപിപ്പിക്കുന്നതിനു മുന്നോടിയായി മൊഡ്യൂളുകളുടെ ട്രൈഔട്ട് നടത്തി. വിവിധ നേതൃത്വമാതൃകകളുടെ സൂക്ഷ്മപഠനത്തിലൂടെ പ്രശ്ന ങ്ങളും സാധ്യതകളും കണ്ടെത്തേണ്ടതുണ്ട്

**3. വേറിട്ട മാതൃകകളുടെ രേഖപ്പെടുത്തൽ (ഡോക്യുമെന്റേഷൻ)**

- വിദ്യാലയ പരിവർത്തനത്തിലേക്ക് നയിക്കുന്ന വേറിട്ട നേതൃത്വമാതൃകകൾ കണ്ടെത്തി രേഖയാക്കി (വീഡിയോ ഡോക്യുമെന്റുകൾ, കേസ് സ്റ്റഡികൾ, അഭിമു ഖങ്ങൾ, നേർസാക്ഷ്യങ്ങൾ, റിപ്പോർട്ടുകൾ തുടങ്ങിയ രൂപത്തിൽ) വിവിധ ആവ ശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുക
- ലീഡർഷിപ്പ് അക്കാദമി നടത്തുന്ന വിവിധപ്രവർത്തനങ്ങൾ ഡോക്യുമെൻറ് ചെയ്ത് വിവിധ പഠനങ്ങൾക്ക് ലഭ്യമാക്കുക.

**4. വിദ്യാലയ നേതൃത്വത്തിന്റെ നയപ്രഖ്യാപനമാതൃകകൾ രൂപീകരിക്കൽ**

- സാഹചര്യത്തിനും സാധ്യതകൾക്കും അനുസരിച്ച് ഓരോ വിദ്യാലയത്തിനും പ്രക ടിപ്പിക്കാൻ കഴിയുന്ന മികവുകൾ സംബന്ധിച്ച നയപ്രഖ്യാപനം രൂപീകരിക്കുന്ന തിന് പിന്തുണ നൽകുക
- സ്കൂളിന് ഉറപ്പുവരുത്താൻ കഴിയുന്ന സേവനങ്ങൾ, സ്കൂൾ സുരക്ഷ, ആരോ ഗ്യവും ശുചിത്വവും, കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവു മായ സുസ്ഥിതി, പഠനാന്തരീക്ഷം തുടങ്ങിയവ സംബന്ധിച്ച് സ്കൂൾ നേതൃത്വ ത്തിനു നൽകാൻ കഴിയുന്ന ഉറപ്പുകൾ നയപ്രഖ്യാപനമായി രൂപീകരിക്കാവുന്ന താണ്.

**5. നയരൂപീകരണത്തിനുള്ള ശുപാർശകൾ വികസിപ്പിക്കൽ**

- വിദ്യാലയ നേതൃത്വം, വിദ്യാഭ്യാസ നേതൃത്വം എന്നിവയുമായി ബന്ധപ്പെട്ട നയരൂ പീകരണത്തിന് ആവശ്യമായ ശുപാർശകൾ രൂപീകരിച്ച് സമർപ്പിക്കുക
- വിദ്യാലയ നേതൃത്വവുമായി ബന്ധപ്പെട്ട അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ വിദ്യാഭ്യാസനയങ്ങളിൽ ഉൾപ്പെടുത്തേണ്ട ആശയങ്ങൾ സംബന്ധിച്ച ശുപാർശ കൾ രൂപീകരിക്കുക

**രൂപരേഖ**

**I. നേതൃപാടവം വികസിപ്പിക്കുന്നതിനുള്ള വിദ്യാഭ്യാസ പരിപാടി**

കാലാവധി : ഒരു മാസം

പ്രവേശനം : അപേക്ഷിക്കുന്നവരിൽ നിന്ന് മുൻഗണനാക്രമത്തിൽ

സ്കൂൾ മേധാവികൾ (LP, UP, HS, HSS, VHSE), അദ്ധ്യാപകർ, അദ്ധ്യാപക വിദ്യാർത്ഥികൾ

**ഉള്ളടക്കം**

- വിദ്യാഭ്യാസം സംബന്ധിച്ച കാഴ്ചപ്പാട്

- വിദ്യാഭ്യാസ തത്ത്വങ്ങൾ
- പാഠ്യപദ്ധതി
- പഠനപ്രക്രിയ
- പഠിതാവിന്റെ വ്യക്തിത്വം
- പഠനവും മന:ശാസ്ത്രവും
- വികാസഘട്ടങ്ങൾ
- പഠനവും വിലയിരുത്തലും
- വിദ്യാഭ്യാസവും ഗവേഷണവും
- വിദ്യാലയവും സമൂഹവും
- മോണിറ്ററിംഗ്
- മെന്ററിംഗ് തന്ത്രങ്ങൾ
- സ്കൂൾ ഭൗതികാന്തരീക്ഷം
- സ്കൂൾ വൈകാരികാന്തരീക്ഷം
- സ്കൂൾ ഭരണം
- സ്കൂൾ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ
- വിവിധതലങ്ങളിലെ ആസൂത്രണം
- സ്കൂൾ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ
- നേതൃത്വം സംബന്ധിച്ച കാഴ്ചപ്പാട്
- നേതൃഗുണങ്ങൾ
- കൂട്ടായ നേതൃത്വം
- സംഘവും നേതൃത്വവും
- ദുരന്തനിവാരണം
- വ്യക്തിത്വ വികസനം
- സ്കൂൾ ഡാറ്റാബേസ്
- ആശയ വിനിമയശേഷി
- ഐ.സി.ടി തന്ത്രങ്ങൾ
- അനുരൂപീകരണ തന്ത്രങ്ങൾ

**II. പ്രഥമാധ്യാപകർക്കുള്ള നേതൃത്വ പരിശീലനം (സവിശേഷതകൾ കണക്കിലെടുത്ത് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധികളിൽ)**

കാലാവധി : 10 ദിവസം

പ്രവേശനം : നിശ്ചയിക്കപ്പെടുന്ന പ്രദേശത്തെ എല്ലാവിഭാഗം സ്കൂളുകളിലെയും (എയ്ഡഡ്, ഗവൺമെന്റ്)

പ്രഥമാധ്യാപകർ, തീരദേശം, നഗരത്തിലെ പിന്നോക്ക പ്രദേശങ്ങൾ, ഗോത്രമേഖല, തോട്ടംമേഖല, തുടങ്ങിയവ തിരഞ്ഞെടുത്ത് അവിടത്തെ സവിശേഷപ്രശ്നങ്ങൾ മുൻനി

റുത്തിയുള്ള നേതൃത്വ പരിശീലനമാണ് സംഘടിപ്പിക്കുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന പ്രദേശത്തെ എല്ലാ സ്കൂളുകളിലെയും പ്രഥമാധ്യാപകർ പരിശീലനത്തിൽ പങ്കെടുക്കണം. (LP, UP, HS, HSS, VHSE)

**ഉള്ളടക്കം:**

- പ്രശ്നവിശകലനവും സാധ്യതകൾ കണ്ടെത്തലും
- സാമൂഹിക പിന്തുണ ഉറപ്പുവരുത്തൽ
- പഠിതാവിനെക്കുറിച്ചുള്ള കാഴ്ചപ്പാട്
- പഠനത്തെ സംബന്ധിച്ച സങ്കല്പങ്ങൾ
- പ്രാദേശിക സവിശേഷതകൾക്ക് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ
- നേതൃത്വത്തിന് ഉണ്ടായിരിക്കേണ്ട സവിശേഷതകൾ
- പങ്കാളിത്തപരമായ നേതൃത്വം
- വിഭവസമാഹരണം
- സ്കൂൾ ഭൗതികാന്തരീക്ഷം
- സ്കൂൾ വൈകാരികാന്തരീക്ഷം
- മെന്ററിംങ്
- മോണിറ്ററിംഗ്
- വിദ്യാഭ്യാസവും ഗവേഷണവും
- അനുരൂപീകരണതന്ത്രങ്ങൾ

സ്കൂൾ ലീഡർഷിപ്പ് അക്കാദമി–കേരളയുടെ പ്രവർത്തനങ്ങൾക്ക് ആരംഭംകുറിക്കാൻ കഴിഞ്ഞെങ്കിലും കോവിഡ് വ്യാപനത്തിന്റെ ഭാഗമായി നിയന്ത്രണങ്ങൾക്കും വിഘ്വലതകൾ ക്കുമിടയിൽ ആഗ്രഹിച്ചിരുന്ന തരത്തിൽ പരിപാടികൾ സംഘടിപ്പിക്കാൻ കഴിയുന്ന സ്ഥിതിയായിരുന്നില്ല വർഷാവസാനം ഉണ്ടായിരുന്നത്. അക്കാദമിയുടെ നടത്തിപ്പിന് NIEPA യിൽ നിന്ന് രണ്ട് ഗഡുക്കളിലാക്കി 8 ലക്ഷം രൂപ ലഭിച്ചതും വർഷാവസാനമായിരുന്നു. 2020 ഫെബ്രുവരി 18 ന് ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ആയിരുന്നു അക്കാദമിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത്. 2020 ജനുവരി 3, 4 തീയതികളിൽ നടത്തിയ ശിൽപശാലയിൽ വെച്ച് SLA-K ന്റെ വിഷൻ, മിഷൻ, പ്രവർത്തന മാർഗരേഖ എന്നിവ തയ്യാറാക്കുകയും SLA-K ന് വേണ്ടി ഒരു പതിനഞ്ചംഗ SRG രൂപീകരിക്കുകയും ചെയ്തു. സ്കൂൾ ലീഡർഷിപ്പ് അക്കാദമി - കേരളയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

## സ്കൂൾ ലീഡർഷിപ്പ് മോഡൽ അവാർഡ് 2020–21

സംസ്ഥാനത്ത് വ്യത്യസ്ത സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്ന വിവിധതരം സ്കൂളുകൾ മികച്ച നേതൃത്വത്തിന്റെ ഫലമായി മാതൃകാപരമായ നേട്ടങ്ങൾ കൈവരിക്കുന്നുണ്ട്. അത്തരം മാതൃകകൾ കണ്ടെത്തി അവയ്ക്ക് നേതൃത്വം നൽകിയവരെ ആദരിക്കുകയും പ്രവർത്തനമാതൃകകൾ ഡോക്യുമെന്റ് ചെയ്ത് പങ്കുവയ്ക്കുകയും ചെയ്യേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിറുത്തി എല്ലാവർഷവും മാതൃകകൾ കണ്ടെത്തുന്ന പ്രവർത്തനം നടപ്പിലാക്കി വരികയാണ്. കൂട്ടായ്മയിലൂടെയും ജനാധിപത്യരീതിയിലുമുള്ള നേതൃത്വം എന്ന കാഴ്ചപ്പാട് മുൻനിറുത്തിയാണ് മാതൃകകൾ തിരഞ്ഞെടുക്കുന്നത്. 2020–21 അക്കാദമിക വർഷത്തെ സ്കൂൾ നേതൃത്വമാതൃക പുരസ്കാരത്തിന് വേണ്ടിയുള്ള നോമിനേഷനുകൾ ക്ഷണിച്ചിരുന്നു. വൻ സ്വീകാര്യതയാണ് പ്രഥമാധ്യാപകരിൽ നിന്ന് ലഭിച്ചത്. ലഭ്യമായ നോമിനേഷനുകളുടെ മൂല്യനിർണയം പൂർത്തീകരിച്ച് ഉടൻതന്നെ അവാർഡ് പ്രഖ്യാപനമുണ്ടാകും.

## സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഫങ്ഷണൽ സ്കൂൾ ലീഡർഷിപ്പ് (CPFSL)

ജനാധിപത്യപരവും പരിവർത്തനോന്മുഖവുമായ വിദ്യാഭ്യാസ നേതൃത്വം സംബന്ധിച്ച കാഴ്ചപ്പാട് വികസിപ്പിക്കുന്നതിനും, മാറി വരുന്ന സാഹചര്യങ്ങളോട് പ്രതികരിച്ച് സുശക്തമായ വിദ്യാഭ്യാസ അന്തരീക്ഷം രൂപപ്പെടുത്തുന്നതിനുമുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനുമായി നാഷണൽ സെന്റർ ഫോർ സ്കൂൾ ലീഡർഷിപ്പ് (NCSL) ആരംഭിച്ച പ്രോഗ്രാം ഫോർ സ്കൂൾ ലീഡർഷിപ്പ് മാനേജ്മെന്റ് (PSLM) ന്റെ മാതൃകയിൽ SLA-K ആരംഭിക്കുന്ന പ്രോഗ്രാമാണ് CPFSL. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പ്രിൻസിപ്പൽമാർ, പ്രഥമാധ്യാപകർ, അധ്യാപക വിദ്യാർത്ഥികൾ, SMC, PTA, MPTA, LSGs, എന്നിവരാണ് 30 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സിന്റെ ഗുണഭോക്താക്കൾ. SLA-K, SRG യിൽ നിന്നും, പുറത്തു നിന്നുമുള്ള വിദഗ്ദ്ധരടങ്ങുന്ന അക്കാദമിക് മൈക്രോ ടീം രൂപീകരിച്ച് ആരംഭിച്ച മൊഡ്യൂൾ നിർമ്മാണം അന്തിമഘട്ടത്തിലാണ്. മൊഡ്യൂൾ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് കോഴ്സ് ആരംഭിക്കുന്നതാണ്.

## YouTube ചാനൽ

വിദ്യാഭ്യാസ മാനേജ്മെന്റുമായും സ്കൂൾ ലീഡർഷിപ്പുമായും ബന്ധപ്പെട്ട വീഡിയോകൾ തയ്യാറാക്കി അപ്ലോഡ് ചെയ്യുന്നതിനാണ് SLA-K യൂട്യൂബ് ചാനൽ ആരംഭിച്ചത്. ഇതിനോടകം വിവിധ വീഡിയോകൾ അപ്ലോഡ് ചെയ്തുകഴിഞ്ഞു. ഇവയ്ക്ക് പുറമേ ഓൺലൈൻ/ഡിജിറ്റൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന പുതിയ നയത്തിന്റെയും നടപടികളുടെയും വിശദാംശങ്ങൾ അടങ്ങുന്ന വീഡിയോകളും, പ്രസന്റേഷനുകളും അപ്ലോഡ് ചെയ്യാവുന്നതാണ്. വിദ്യാഭ്യാസ ഓഫീസർമാരും പ്രഥമാധ്യാപകരും അധ്യാപക-രക്ഷകർത്തൃ സമൂഹവുമാണ് ചാനലിന്റെ പ്രധാന വരിക്കാർ.

### വിദ്യാഭ്യാസ നേതൃത്വത്തെ ആസ്പദമാക്കി പ്രഭാഷണ പരമ്പര

സ്കൂൾ ലീഡർഷിപ്പ് അക്കാദമിയുടെ മറ്റൊരു പ്രവർത്തന മേഖലയാണ് വിദ്യാഭ്യാസ മാനേജ്മെന്റിനെയും നേതൃത്വത്തെയും അധികരിച്ചുള്ള പ്രഭാഷണ പരമ്പര. ഇതിനകം തന്നെ ഈ പരമ്പരയിലെ പ്രഥമ പ്രഭാഷണം നടന്നുകഴിഞ്ഞു. കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി മാറിയ ശേഷം പരമ്പരാഗത രീതിയിൽ തുടർ പ്രഭാഷണങ്ങൾ ആരംഭിക്കാം എന്നാണ് ഇൻസ്റ്റിറ്റ്യൂട്ട് തീരുമാനിച്ചിട്ടുള്ളത്.

### SLA-K ന്റെ വരവ് ചെലവ് കണക്കുകൾ

SLA-K പൂർണമായും NIEPA ഫണ്ടിങ്ങിലൂടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. 2019-20 സാമ്പത്തിക വർഷത്തിന്റെ അവസാന ഘട്ടത്തിൽ രണ്ട് ഗഡുക്കളായി 8,00,000/- രൂപയാണ് NIEPA യിൽ നിന്ന് ലഭിച്ചത്. അതിൽ 76,930/- രൂപയാണ് ചെലവാക്കാനായത്. മിച്ചം വന്ന തുകയായ 7,23,070/- രൂപ 2020-21 സാമ്പത്തിക വർഷം വിനിയോഗിക്കാൻ NIEPA യിൽ നിന്ന് അനുമതി ലഭിച്ചതിനെ തുടർന്ന് വിവിധ പരിപാടികൾക്കായി 1,62,717/- രൂപയാണ് ചെലവാക്കിയത്. കോവിഡ് സാഹചര്യവും പരിപാടികൾ ഓൺലൈനായി സംഘടിപ്പിക്കേണ്ടി വന്നതുകൊണ്ടാണ് ഫണ്ട് പൂർണമായും വിനിയോഗിക്കാൻ സാധിക്കാത്തത്.

# ഭാഗം – 2
# ഭരണ റിപ്പോർട്ട്

# ഭരണ റിപ്പോർട്ട് 2020-21

അർത്ഥവത്തായ പ്രവർത്തനങ്ങളുടെ ചടുലതാളത്താൽ മുഖരിതമായ വർഷമായിരുന്നു സീമാറ്റ്-കേരളയെ സംബന്ധിച്ചിടത്തോളം 2020-21. വാർഷിക റിപ്പോർട്ടിൽ അക്കാദമിക പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ട് 2020-21 കാലഘട്ടത്തിൽ നടന്നതും പ്രത്യേക പരാമർശം അർഹിക്കുന്നവയുമായ ഭരണ കാര്യങ്ങളുടെ രത്നച്ചുരുക്കം മാത്രമാണ് ഈ റിപ്പോർട്ടിൽ ചേർക്കുന്നത്.

**പൊതു-നിർവ്വാഹണ സമിതി യോഗങ്ങൾ**

ദ്വിതല ഭരണ സംവിധാനമാണ് സീമാറ്റ്-കേരളയുടേത്. ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി അദ്ധ്യക്ഷമായ ജനറൽ കൗൺസിലും (പൊതുസമിതി), മന്ത്രി തന്നെ അദ്ധ്യക്ഷനായ 12 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് (നിർവഹണ സമിതി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. 2020-21 കാലയളവിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ രണ്ട് യോഗങ്ങളും ഗവേണിംഗ് കൗൺസിലിന്റെ ഒരു യോഗവുമാണ് നടന്നത്. എല്ലാ യോഗങ്ങളിലും ബഹു. വിദ്യാഭ്യാസ മന്ത്രി തന്നെയാണ് അദ്ധ്യക്ഷത വഹിച്ചത്.

**രജിസ്ട്രേഷൻ പുതുക്കൽ**

ട്രാവൻകൂർ-കൊച്ചിൻ സയന്റിഫിക്, ലിറ്റററി & ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സീമാറ്റ്-കേരളയുടെ 2019-20 വർഷത്തെ രജിസ്ട്രേഷൻപുതുക്കാൻ കഴിഞ്ഞത് റിപ്പോർട്ട് വർഷത്തെ ശ്രദ്ധേയമായ ഭരണ നേട്ടങ്ങളിൽ ഒന്നാണ്.

**ഓഡിറ്റ്**

2020-21 കാലയളവിൽ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഓഡിറ്റ് നടത്തിയിരുന്നു. 2018-19, 2019-20 കാലയളവുകളിലെ കണക്കുകളും ഫയലുകളുമാണ് സ്റ്റേറ്റ് ഓഡിറ്റ് ടീം പരിശോധിച്ചത്. മനു ആന്റ് കോ ചാർട്ടേഡ് അക്കൗണ്ടന്റ്സ് ആയിരുന്നു 2020-21 കാലത്തെ സീമാറ്റ്-കേരളയുടെ കണക്കുകൾ പരിശോധിക്കാൻ ചുമതലപ്പെടുത്തിയിരുന്ന ചാർട്ടേർഡ് അക്കൗണ്ടന്റ്. ഗുരുതരമായ വീഴ്ചകൾ ഒന്നുംതന്നെ ഓഡിറ്റ് ടീമുകൾ ചൂണ്ടിക്കാട്ടുകയുണ്ടായിട്ടില്ല.

**ഇന്റേണൽ കമ്മിറ്റികൾ**

ഭരണസമിതിയുടെയും നിർവാഹക സമിതിയുടെയും തീരുമാനങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ ഡയറക്ടറെ സഹായിക്കുകയാണ് സീമാറ്റ്-കേരളയിൽ രൂപീകരിച്ചിരിക്കുന്ന ഇന്റേർണൽ മാനേജ്മെന്റ് കമ്മിറ്റിയുടെയും ഫിനാൻസ് കം പർച്ചേസ് കമ്മിറ്റിയുടെയും ചുമതല. ഇൻസ്റ്റിറ്റ്യൂട്ടിൽ വിവിധ ചുമതലകൾക്കായി

നിയോഗിക്കപ്പെട്ടിട്ടുള്ളവർ തന്നെയാണ് കമ്മിറ്റികളിലെ അംഗങ്ങൾ. ഔദ്യോഗിക കാര്യങ്ങൾ സുതാര്യമായും ജനാധിപത്യപരമായും ചർച്ച ചെയ്യാനും തീരുമാനങ്ങൾ കൈക്കൊള്ളാനുമുള്ള ഫോറങ്ങളാണ് ഇന്റേർണൽ കമ്മിറ്റികൾ. 2020-21 ൽ കാര്യക്ഷമമായ രീതിയിൽ മേൽ കമ്മിറ്റികൾ പ്രവർത്തിച്ചിരുന്നു.

ഭരണഭാഷാകമ്മിറ്റി, എക്സ്റ്റേണൽ അംഗങ്ങൾ കൂടി ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റി എന്നിവയും റിപ്പോർട്ട് കാലയളവിൽ സജീവമായി പ്രവർത്തിക്കുകയുണ്ടായി.

ഇൻസ്റ്റിറ്റ്യൂട്ടിലെ മുഴുവൻ ചുമതലക്കാരും പങ്കെടുത്ത സ്റ്റാഫ് മീറ്റിംഗുകളും നിശ്ചിത ഇടവേളകളിൽ 2020-21 ൽ നടക്കുകയുണ്ടായി. "*എല്ലാവർക്കും പങ്കാളിത്തം, എല്ലാവർക്കും ഉത്തരവാദിത്തം*" എന്നതാണ് വിവിധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് സീമാറ്റ്-കേരള സ്വീകരിച്ചിരിക്കുന്ന സമീപനം.

**ടീം-സീമാറ്റിലെ മാറ്റങ്ങൾ**

സീമാറ്റ്-കേരള NIEPA യുടെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന സ്കൂൾ ലീഡർഷിപ്പ് അക്കാഡമി - കേരളയുടെ (SLA-K) പ്രവർത്തനങ്ങൾക്കായി ശ്രീ. നിധിൻ പി., മിസ്. അപർണ്ണ ശ്രീവൽസൻ എന്നിവരെ ജൂനിയർ കൺസൾട്ടന്റുമാരായി 04/01/2021 മുതൽ ചുമതലപ്പെടുത്തി. ടീം-സീമാറ്റിൽ റിപ്പോർട്ട് വർഷം റിസർച്ച് ഓഫീസറായി ജോലി നിർവഹിച്ചിരുന്ന മിസ്. അനുപ എസ്. വിശ്വനാഥ് കരാർ അവസാനിക്കുന്നതിന് മുൻപ് 31/12/2020 - ന് ജോലിയിൽ നിന്നും വിടുതൽ വാങ്ങിപ്പോയ സാഹചര്യത്തിൽ അക്കാദമിക വിഭാഗത്തിലെ പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാതിരിക്കാൻ SLA-K ന്റെ ജൂനിയർ കൺസൾട്ടന്റുമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും എം. ദിവിൻ മുരുകേശിനെ ജൂനിയർ കൺസൾട്ടന്റായി നിയമിച്ചു.

**<u>ഉപസംഹരിക്കുമ്പോൾ</u>**

സീമാറ്റ്-കേരളയുടെ വിവിധ അക്കാദമിക പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിന് 2020-21 കാലയളവിൽ ഭരണ വിഭാഗത്തിന് കഴിഞ്ഞുവെന്ന് മാത്രമല്ല, പ്രസ്തുത പരിപാടികളുടെ നടത്തിപ്പിൽ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലെ വിവിധ ചുമതലക്കാരുടെ സജീവ പങ്കാളിത്തവും ഉണ്ടായിരുന്നു.

ഭരണപരമായ കാഴ്ചപ്പാടിൽ വിലയിരുത്തുമ്പോൾ 2020-21 എല്ലാ അർത്ഥത്തിലും സീമാറ്റ്-കേരളയെ സംബന്ധിച്ചിടത്തോളം സാർത്ഥകമായ വർഷമായിരുന്നു; പങ്കാളിത്തത്തിനും ജനാധിപത്യരീതികൾക്കും പ്രാമുഖ്യം ലഭിച്ചു തുടങ്ങിയ ഫലപ്രാപ്തികളുടെ വർഷം.

# ഭാഗം – 3

# ഓഡിറ്റ് റിപ്പോർട്ടും ഓഡിറ്റഡ് അക്കൗണ്ട്സും